കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പാനൂർ ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.9/457/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 25/05/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാനൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം

2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ

3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.9/457/22 തീയ്യതി: 25/05/2022

കണ്ണൂർ ജില്ലയിലെ പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 05-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.വിനോദ്.കെ.കെ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	01-04-2020	31-03-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-03-2022	23-03-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷൈമകുമാരി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിപിന വൽസരാജ്,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.നിഖില എ.എം,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.അനൂപ് .എൻ	പ്രസിഡന്റ്	01-04-2020	11-11-2020
ശ്രീമതി.ശൈലജ.പി	പ്രസിഡന്റ്	21-12-2020	31-03-2021
ശ്രീ.സുഭാഷ് ടിവി	സെക്രട്ടറി	01-04-2020	23-02-2021

ശ്രീ.അജിത്ത്.കെ	സെക്രട്ടറി	24-02-2021	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.റഫീക്ക് എം.എ	എ ഡി എ	01-04-2020	31-03-2021
ഡോ.രമ്യ.ടി കെ	മെഡിക്കൽ ഓഫീസർ(സി എച്ച് സി)	01-04-2020	02-07-2020
ഡോ.അതുല്യ.എ	മെഡിക്കൽ ഓഫീസർ(സി എച്ച് സി)	03-07-2020	31-03-2021
ശ്രീമതി.ഉമ.കെ.എൻ	സി ഡി പി ഒ	01-04-2020	31-03-2021
ശ്രീമതി.ജാനകി കാവളാൻ	പട്ടികജാതി വികസന ഓഫീസർ	01-04-2020	31-03-2021
ശ്രീ.ശരത് ശശിധരൻ	ഇൻഡസ്ട്രിയൽ എക്റ്ററൻഷൻ ഓഫീസർ	01-04-2020	31-03-2021
ശ്രീമതി.റിജുല എ	ഡയറി എക്റ്ററൻഷൻ ഓഫീസർ	01-04-2020	10-06-2020
ശ്രീ.എം വി വിജയൻ	ഡയറി എക്റ്ററൻഷൻ ഓഫീസർ	11-06-2020	31-03-2021
ശ്രീമതി ഷെമി ടി.കെ.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2020	08-01-2021
ശ്രീ.മനോജ് കുമാർ എ. (ചാർജ്ജ്)	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കുത്തുപറമ്പ്)	09-01-2021	11-01-2021
ശ്രീ.ബാലകൃഷ്ണൻ എൻ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	12-01-2021	31-03-2021
ശ്രീ.വിനോദൻ കെ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2020	01-03-2021
ശ്രീ.പ്രമോദ് നള്ളക്കണ്ടി	അസിസ്റ്റന്റ് എഞ്ചിനീയർ	02-03-2021	31-03-2021

12.11.2020 മുതൽ 20.12.2020 വരെ എക്സിക്യൂട്ടീവ് കമ്മിറ്റി ഭരണനിർവ്വഹണം നടത്തി

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: Shyma Kumari S.L (Audit Officer, On 25-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-1
2	വാർഷിക ധനകാര്യപത്രിക Written By: Shyma Kumari S.L (Audit Officer, On 22-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 19-05-2022)	1-2
3	വാർഷികധനകാര്യ പത്രികയിലെ അപാകതകൾ Written By: Vipina Valsaraj (Senior Grade Auditor, On 28-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-2-1
4	സാമ്പത്തിക നില(റസീപ്റ്റ്സ് & പേമെന്റ്സ്) Written By: Shyma Kumari S.L (Audit Officer, On 29-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-3
5	ഫണ്ട് വിനിയോഗം Written By: Shyma Kumari S.L (Audit Officer, On 29-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-4
6	പദ്ധതി അവലോകനം Written By: Shyma Kumari S.L (Audit Officer, On 28-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 19-05-2022)	1-5
7	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി. Written By: Vipina Valsaraj (Senior Grade Auditor, On 28-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 19-05-2022)	1-6
8	ക്യാഷ് പരിശോധന Written By: Shyma Kumari S.L (Audit Officer, On 29-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 19-05-2022)	1-7
9	ആഭ്യന്തരനിയന്ത്രണസംവിധാനം Written By: Shyma Kumari S.L (Audit Officer, On 26-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-8
10	ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം നൽകൽ-രേഖകൾ ഹാജരാക്കിയിട്ടില്ല.ചെലവ് തുക 276000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. Written By: Nikhila A.M. (Auditor, On 25-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-9
11	ജ്യോതിർഗമയ പദ്ധതി നടത്തിപ്പിലെ അപാകതകൾ-ചെലവ് തുക 230962 രൂപ തടസ്സപ്പെടുത്തുന്നു. Written By: Nikhila A.M. (Auditor, On 25-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-10
12	പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി-ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ.-ചെലവ് സംബന്ധിച്ച വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല Written By: Nikhila A.M. (Auditor, On 25-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-11
13	തരിശുഭൂമിയിൽ നെൽ കൃഷി-ബ്ലോക്ക് വിഹിതം നൽകൽ-ചെലവ് സംബന്ധിച്ച വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേിയിട്ടില്ല Written By: Nikhila A.M. (Auditor, On 25-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 19-05-2022)	1-12
14	പൊന്ന്യം അഗ്രോ സൊസൈറ്റിക്ക് സോളാർ പവർ പാനൽ സ്ഥാപിക്കൽ-	1-13

	ചെലവുതുക 130000/- രൂപ തടസ്സപ്പെടുത്തുന്നു. Written By: Nikhila A.M. (Auditor, On 25-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	
15	പ്രാദേശിക കാർഷിക വിപണന കേന്ദ്രം(വനിത)-പദ്ധതിയിനത്തിൽ ചെലവായ 125000/- രൂപ തടസ്സപ്പെടുത്തുന്നു Written By: Nikhila A.M. (Auditor, On 25-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-14
16	പ്രാദേശിക കാർഷിക വിപണന കേന്ദ്രം(വനിത)-ചെലവുതുക 149000/- രൂപ തടസ്സപ്പെടുത്തുന്നു Written By: Nikhila A.M. (Auditor, On 25-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 19-05-2022)	1-15
17	നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി-ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ.-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല Written By: Nikhila A.M. (Auditor, On 25-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-16
18	തരിശുഭൂമി-പച്ചക്കറികൃഷി-ചെലവുതുക ₹300000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു Written By: Nikhila A.M. (Auditor, On 25-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022)	1-17
19	സ്വയംതൊഴിൽ സംരംഭം -പരിശീലനം ലഭിച്ചവർ സംരംഭങ്ങൾ ആരംഭിച്ചിട്ടില്ല Written By: Nikhila A.M. (Auditor, On 25-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-18
20	അങ്കണവാടികൾക്ക് ചുമർചിത്രം കൈമാറിയ തുകയുടെ കൈപ്പറ്റും മറ്റ് രേഖകളും ലഭ്യമാക്കിയില്ല ചെലവ് തുക ₹59625 തടസ്സപ്പെടുത്തുന്നു. Written By: Vipina Valsaraj (Senior Grade Auditor, On 27-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 19-05-2022)	1-19
21	സോളാർ പാനൽ സ്ഥാപിക്കൽ -കെ.എസ്.ഇ.ബി ഡിപോസിറ്റ് പ്രവൃത്തി-നിലവിലെ സ്ഥിതിവിവരം ലഭ്യമല്ല ₹1400000 തടസ്സപ്പെടുത്തുന്നു. Written By: Vipina Valsaraj (Senior Grade Auditor, On 27-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-20
22	കില ഹോസ്റ്റൽ നിർമ്മാണം-ബ്ലോക്ക് വിഹിതം കൈപ്പറ്റും വിനിയോഗവും ലഭ്യമാക്കേണ്ടതാണ്. Written By: Vipina Valsaraj (Senior Grade Auditor, On 27-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-21
23	ഹോണറേറിയം തുക തിരികെ ലഭിച്ചിട്ടില്ല Written By: Vipina Valsaraj (Senior Grade Auditor, On 27-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-22
24	ഐ.കെ.എം ന് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. Written By: Vipina Valsaraj (Senior Grade Auditor, On 27-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 19-05-2022)	1-23
25	സർക്കാർ/എയ്ഡഡ് സ്കൂളുകൾക്ക് ഷീപാഡ് പദ്ധതി-ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരപരിധിയിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളിൽ നടത്തിയ ചെലവ് തുക ₹465000 തടസപ്പെടുത്തുന്നു. Written By: Vipina Valsaraj (Senior Grade Auditor, On 28-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-24
26	കരാർ കാലാവധിക്കകം പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ തുടർ നടപടി സ്വീകരിച്ചില്ല Written By: Shyma Kumari S.L (Audit Officer, On 22-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-25

27	ലൈഫ് ഭവനപദ്ധതി-കൈപ്പറ്റും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. Written By: Vipina Valsaraj (Senior Grade Auditor, On 28-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-26
28	പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുന്നില്ല Written By: Shyma Kumari S.L (Audit Officer, On 26-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 19-05-2022)	1-27
29	ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കേണ്ടതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. Written By: Shyma Kumari S.L (Audit Officer, On 26-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-28
30	റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ റോഡ് വികസന പ്രവൃത്തികൾ നടത്തുന്നത് ശരിയായ നടപടിയല്ല Written By: Shyma Kumari S.L (Audit Officer, On 26-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-29
31	സ്ഥാപനതാത്പര്യങ്ങൾക്ക് എതിരായി കരാർ ചമച്ചതിനാൽ വാഹനം ഓടിയതിന്റെ ഇരട്ടി തുക വാടക ഇനത്തിൽ ചെലവഴിച്ചതും ആദായനികുതി ഈടാക്കി ഒടുക്കു വരുത്താത്തതും Written By: Shyma Kumari S.L (Audit Officer, On 24-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-30
32	ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ വയോജന പാർക്ക്,വയോജനങ്ങൾക്ക് ഉപയോഗ പ്രദമാകുന്ന വിധം വിനിയോഗിക്കേണ്ടതാണ് Written By: Shyma Kumari S.L (Audit Officer, On 24-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	1-31
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം Written By: Shyma Kumari S.L (Audit Officer, On 29-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം Written By: Shyma Kumari S.L (Audit Officer, On 29-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 19-05-2022)	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: Shyma Kumari S.L (Audit Officer, On 29-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ Written By: Shyma Kumari S.L (Audit Officer, On 22-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	4-4
5	വായ്പ/വായ്പ തിരിച്ചടവ് Written By: Shyma Kumari S.L (Audit Officer, On 22-03-2022) Last Updated By: Shyma Kumari S.L (Audit Officer, On 26-03-2022)	4-5
6	സ്ഥിരനിക്ഷേപം Written By: Shyma Kumari S.L (Audit Officer, On 22-03-2022) Last Updated By: Shyma Kumari S.L (Audit Officer, On 26-03-2022)	4-6

7	ഓഡിറ്റ് റിക്കവറി Written By: Shyma Kumari S.L (Audit Officer, On 22-03-2022) Last Updated By: Shyma Kumari S.L (Audit Officer, On 26-03-2022)	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം Written By: Shyma Kumari S.L (Audit Officer, On 22-03-2022) Last Updated By: Shyma Kumari S.L (Audit Officer, On 26-03-2022)	4-8
9	ചാർജ് സർചാർജ് നടപടികളുടെ വിവരം Written By: Shyma Kumari S.L (Audit Officer, On 22-03-2022) Last Updated By: Shyma Kumari S.L (Audit Officer, On 26-03-2022)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: Shyma Kumari S.L (Audit Officer, On 29-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: Shyma Kumari S.L (Audit Officer, On 22-03-2022) Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022)	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	RECEIPT & PAYMENT STATEMENT	
4	INCOME & EXPENDITURE STATEMENT	
5	BALANCE SHEET	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

2020-21 ലെ ബജറ്റ് 24/3/2020 ലെ (1)/19-20 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ യഥാർത്ഥ ചെലവുകൾക്ക് അനുസൃതമായി 2020-21 ലെ ബജറ്റ് പുതുക്കിയിട്ടില്ല.

മുന്നിരിപ്പ്	6000000
വരവ്	173317000
ആകെ	179317000
ചെലവ്	173629422
നീക്കിയിരിപ്പ്	5687578

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കുവാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് തിരിച്ച് ലഭിച്ച തീയതി
31/7/2021	17/6/2021	തിരിച്ചയച്ചിട്ടില്ല	---

1-2-1 വാർഷികധനകാര്യ പത്രികയിലെ അപാകതകൾ

29.05.2021-ലെ 1(1)21-22-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം വാർഷിക ധനകാര്യപത്രിക അംഗീകരിച്ചു.

1.)B-4 ഷെഡ്യൂളിൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിനത്തിൽ ബാധ്യതയായി കാണിച്ചിട്ടുള്ള ₹11,708 സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

2.)B-3 ഷെഡ്യൂളിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷനായി കാണിച്ച തുക B-11+B-11(a) ആയിരിക്കേണ്ടതാണ്. ഇവിടെ ₹5095811 ന്റെ വ്യത്യാസം കാണുന്നു.

3.)ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല

A) B-7 ഷെഡ്യൂളിൽ ഉൾപ്പെട്ട Bidders EMD, Contractor's Refention, Suppliers Retention, Other Deposits, Rent Deposits എന്നിവ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

4.)വാടക രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ വാർഷിക സംഗ്രഹം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5.)I-17(a) പ്രകാരം ₹2157953ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ,ജർണൽ വൗച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

6.)2020-21 വർഷത്തിൽ പാർട്ട്ബിൽ നൽകി പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രോജക്ട് ചെലവുകളുടെ വിവരം വാർഷിക ധനകാര്യ പത്രിക ബാലൻസ്ഷീറ്റിലെ B-11(a) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.(അസി.എക്സിക്യൂട്ടീവ് എൻജിനീയർ ലഭ്യമാക്കിയത്)ഉദാഹരണം ചുവടെ കൊടുക്കുന്നു.

I)പ്രോജക്ട് നമ്പർ 30/21 കടേപ്രം ഗുരാറ മിനി സ്റ്റേഡിയം റോഡ് നവീകരണം : ബിൽ നമ്പർ 2022076300740131926 4 പ്രകാരം ₹444449ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

Ii)പ്രോജക്ട് നമ്പർ 41/21 കുണ്ടുചിറ വയോജന വിശ്രമകേന്ദ്രം നിർമ്മാണം : ബിൽ നമ്പർ 2022076300650109994 8 പ്രകാരം ₹1000438ഉം ബിൽ നമ്പർ 2022076300650144493 പ്രകാരം ₹370795ഉം ചെലവഴിച്ചിട്ടുണ്ട്.

7.)പ്രോജക്ട് നമ്പർ 64/21 പ്രകാരം മൊകേരി ആർ.ആർ.എഫിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി ₹1400000 ബിൽനമ്പർ 2022076300700003084 5/12.04.20 പ്രകാരം കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ ഇത് B-18ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

8.)2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട് സ്) ചട്ടങ്ങളിലെ ചട്ടം 62ഇ പ്രകാരംവാർഷിക കണക്കിൽ അക്കൗണ്ടുകൾക്കുള്ള കുറിപ്പ് ഉൾപ്പെടുത്തിയിട്ടില്ല.

9.)2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട് സ്) ചട്ടങ്ങളിലെ ചട്ടം 62എഫ് പ്രകാരംവാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

10) വികസനഫണ്ട് (TSP) ഇനത്തിൽ ലഭിച്ച 18700/- രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(4) പ്രകാരം ധനകാര്യപത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ റസീപ്റ്റ് ആന്റ് പേയ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവയിലെ

തുകകൾ ഇപ്രകാരം പൂർണ്ണരൂപയിൽ എഴുതിയിട്ടില്ല.

1-3 സാമ്പത്തിക നില(റസീപ്റ്റ്സ് & പേമെന്റ്സ്)

മുൻബാക്കി	6331128.96
വരവ് തുക	41414084
ആകെ	47745212.96
ചെലവ് തുക	45392956
നീക്കിയിരിപ്പ്	2352256.96
വരവിനങ്ങളിലെ നഷ്ടം	ഇല്ല
ചെലവിനങ്ങളിലെ നഷ്ടം	ഇല്ല
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2670587

1-4 ഫണ്ട് വിനിയോഗം

ഫണ്ട് ഇനം		മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)		0	22228937	22228937	22228937	0
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)		0	1078284	1078284	1078284	0
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)		18700	18000	36700	0	36700
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)		0	3872773	3872773	3872773	0
സാക്ഷരത		0	0	0	0	0
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്			3828524	3828524	3828524	0
സിഎഫ് സി-പെർഫോമെൻസ് ഗ്രാന്റ്		0	302383	302383	302383	0
MP ഫണ്ട്		0	3229553	3229553	3229553	0
കേന്ദ്രാവിഷ്കൃത പദ്ധതികൾ						
ടി.എസ്.സി		326725	194280	521005	0	521005
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ						
ജോയിന്റ് വെഞ്ചർ അക്കൗണ്ട്	ഗ്രാമ പഞ്ചായത്ത്	40000	21558	61558	49850	11708
	ജില്ലാ പഞ്ചായത്ത്	68100	-	68100	0	68100

2020-21 വർഷം സംസ്ഥാന സർക്കാർ അനുവദിച്ച ഫണ്ടുകളിൽ വികസന ഫണ്ട് സാധാരണ വിഹിതം, എസ്.സി.പി. മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) വിഹിതം എന്നിവ 80-90 ശതമാനവും തൻവർഷംവിനിയോഗിക്കുവാൻ സാധിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ എസ്.ടി. ഫണ്ട് തുക 180000 രൂപ സർക്കാരിലേക്ക് തിരിച്ചടക്കുവാനായി പ്രൊജക്റ്റ് (നം. 19/20-21) വച്ചിട്ടുണ്ട്. എന്നാൽ തുക തിരിച്ചടച്ചിട്ടില്ല. പട്ടിക വർഗ വിഭാഗങ്ങൾക്കുള്ള ഫണ്ട് യഥാവിധി വിനിയോഗിക്കാതെ തിരിച്ചടക്കുന്നത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ ആസൂത്രണ സമിതിയും

വർക്കിംഗ് ഗ്രൂപ്പും സംയോജിതമായ ഇടപെടൽ നടത്തിയിട്ടില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
82	48712883	74	31901405	-	8	65

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
സെക്രട്ടറി	34	28	17333540	12170243	70%
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	4	4	4799228	3632369	76%
അസിസ്റ്റന്റ് എഞ്ചിനീയർ	17	17	11526942	8560171	74%
കൃഷി അസി.ഡയരക്ടർ	8	8	2366300	1521185	64%
മെഡിക്കൽ ഓഫീസർ (PHC)	5	4	2246376	841146	37%
ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	2	2	5676756	3086920	54.37%
സി.ഡി.പി.ഒ	2	2	545000	342651	63%
പട്ടികജാതി വികസന ഓഫീസർ	5	5	1473741	1236720	84%
ഇന്റസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ	5	4	2745000	510000	19%
ആകെ	82	74	48712883	31901405	65%

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി.

പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 4 ഗ്രാമപഞ്ചായത്തുകളിൽ 2020-21 സാമ്പത്തികവർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ കൈവരിച്ച നേട്ടങ്ങളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

ഗ്രാമപഞ്ചായത്ത്	ലക്ഷ്യമിട്ട തൊഴിൽ ദിനങ്ങൾ	സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ	ചെലവ് (ലക്ഷത്തിൽ)				
			സ്കിൽഡ്	സെമി സ്കിൽഡ്	മെറ്റീരിയൽ	ടാക്സ്	ആകെ ചെലവുകൾ
ചൊക്ലി	68805	57527	170.57	8.87	35	0	214.44
കതിരൂർ	56064	48391	143.68	2.89	39.91	0	186.48
മൊകേരി	76451	63484	188.54	12.25	42.73	0	243.52

പന്ന്യന്നൂർ	53515	47992	142.93	16.83	31.12	0	190.88
ആകെ	254835	217394	645.72	40.84	148.76	0	835.32

ലഭ്യമായ കണക്കുകൾ പ്രകാരം 2020-21 സാമ്പത്തികവർഷത്തിൽ ലക്ഷ്യമിട്ട തൊഴിൽദിനങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചിട്ടില്ല.

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18/3/2022 3.23 പി.എം.-ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. എന്നാൽ പരിശോധനയിൽ ക്യാഷ് ബാലൻസ് നീക്കിയിരിപ്പായി തുക ഒന്നും ഉണ്ടായിരുന്നില്ല.

1-8 ആഭ്യന്തരനിയന്ത്രണസംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.
പാനൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2020-21 ലെ വാർഷിക ബജറ്റ് പാസ്സാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടുണ്ട്. എന്നാൽ യഥാർത്ഥ വരവ് ചെലവുകൾക്ക് ആനുപാതികമായി ബജറ്റ് പരിഷ്കരിച്ചിട്ടില്ല.വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചുവരുന്നുണ്ട്. വികസനഫണ്ട്, സംരക്ഷണഗ്രാന്റ് എന്നിവയുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ട്. ജനറൽ പർപ്പസ് ഗ്രാന്റ്, മറ്റ് തനത് ഫണ്ടുകൾ, സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് എ.സി.ആർ സൂക്ഷിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു വരുന്നുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്.

ആസ്തി രജിസ്ററർ കാലികമല്ല.ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ മൂല്യം കണക്കാക്കുകയോ ആയത് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.ഭൂനികുതിയൊടുക്കിയും പോക്കുവരവ് മുതലായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയും ഭൂമിസംബന്ധമായ കാര്യങ്ങൾ കാലികമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പാനൂർ ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണസംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർത്ത് പ്രവർത്തന വിലയിരുത്തൽ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ചേർന്ന യോഗങ്ങളിൽ മിക്കതിലും മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച അവലോകനങ്ങൾ ആണ് നടത്തിയിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി ഉൾപ്പെടെ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

രേഖകളുടേയും രജിസ്റ്ററുകളുടേയും സൂക്ഷിപ്പ് തൃപ്തികരമാണ്.എന്നാൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ തയ്യാറാക്കേണ്ടതാണ്. കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിന് കൃത്യതയില്ല. കമ്പ്യൂട്ടർ സംബന്ധിച്ച് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്ന സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.
ജി.ഒ.(എം.എസ്)10/17തസ്വഭവ.തീ.09.01.2017 ഉത്തരവ് പ്രകാരം വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം. എന്നാൽ 2020-21 വർഷം പഞ്ചായത്തിലെ ആസൂത്രണസമിതിയുടെ പ്രവർത്തനം തൃപ്തികരമല്ലായെന്ന് യോഗ മിനിട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിവരം പലപ്പോഴുമായി പഞ്ചായത്ത് ഭരണ സമിതിയുടെ വിലയിരുത്തലിന് വിധേയമായിട്ടുണ്ട്.

പദ്ധതികൾ അംഗീകരിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ, മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ മോണിറ്റർ ചെയ്യണം. എന്നാൽ ഓഡിറ്റ് കാലയളവിലെ മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല. ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ല. പ്രോജക്ട് മോണിറ്ററിംഗ് കുറ്റമറ്റരീതിയിൽ നടത്തേണ്ടതായുണ്ട്. ഈ വിഷയം സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെയും ശ്രദ്ധയിൽ കൊണ്ടു വരുന്നു.

1-9 ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം നൽകൽ-രേഖകൾ ഹാജരാക്കിയിട്ടില്ല.ചെലവ് തുക 276000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സി ഡി പി ഒ
പ്രോജക്ട് നമ്പർ	51 /21
പ്രോജക്ടിന്റെ പേര്	ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം നൽകൽ
അടങ്കൽ തുക	₹300000 വികസന ഫണ്ട് ₹ 20000 തനത് ഫണ്ട്
ചെലവ് തുക	₹276000 വികസന ഫണ്ട്
ബിൽ നമ്പർ/തീയ്യതി	1/20-21/06-02-21

മേൽ പ്രോജക്ട് പ്രകാരം 276000 /- രൂപ ചെലവഴിച്ച് 3 ഗുണഭോക്താക്കൾക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ കെൽട്രോണിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (GO(MS)22/2018/LSG Dt 14-2-2018) ഖണ്ഡിക 7.1.2(6) പ്രകാരം ഈവാഹനം ഓടിക്കാൻ ലേണേർസ് ലൈസൻസ് ഉണ്ടായിരിക്കണം. എന്നാൽ മേൽ പദ്ധതി പ്രകാരം സ്കൂട്ടർ ലഭിച്ച ആഷിഫ്. സി.പി എം എന്നവരുടെ ലേണേർസ് ലൈസൻസ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല . പദ്ധതി ഗുണഭോക്താക്കളുമായി കരാറിലേർപ്പെട്ടതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. മാർഗ്ഗരേഖ പ്രകാരം മേൽ പദ്ധതിയിലുൾപ്പെട്ടവർ എട്ട് വർഷത്തിനുള്ളിൽ സ്കൂട്ടർ കൈപ്പറ്റിയവർ ആയിരിക്കരുത്. ആയത് തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/09.03.22)മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 276000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-10 ജ്യോതിർഗമയ പദ്ധതി നടത്തിപ്പിലെ അപാകതകൾ-ചെലവ് തുക 230962 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പി എച്ച് സി പന്ന്യന്നൂർ
പദ്ധതിയുടെ പേര്	ജ്യോതിർഗമയ
പ്രൊജക്ട് നം	85/21
അടങ്കൽ	₹2,50,000/- (വികസന ഫണ്ട്)
ചെലവ്	230962/-(വികസന ഫണ്ട്)
ബിൽനം/തീയ്യതി/തുക	ബിൽ നം. 4തീയതി 1/02/2021 ₹33154 ബിൽ നം. 5തീയതി 06/03/2021- ₹56808

	ബിൽ നം. 6തീയതി 26/03/2021 -₹141000
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ പി എച്ച് സി, പന്ന്യന്നൂർ

ജില്ലാ ആസൂത്രണ സമിതി നിയോഗിച്ച വിദഗദ്ധ സമിതിയുടെ നം. 500/2020/DPC/DPO/KNR തിയ്യതി 14.10.20 തീരുമാന പ്രകാരം നൂതന പ്രോജക്ടിൽ ഉൾപ്പെടുത്തി മെഡിക്കൽ ഓഫീസർ, സി എച്ച് സി, പന്ന്യന്നൂർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണിത്. പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള നാല് പഞ്ചായത്തുകളിൽ അപകടം മൂലം ജീവിതം മുഴുവൻ കിടപ്പ് രോഗികളായി കഴിയുന്നവർക്കും ഭിന്നശേഷിക്കാരായവർക്കും വിനോദോപാധികൾ ഏർപ്പെടുത്തിക്കൊണ്ട് അവരുടെ മാനസികാരോഗ്യം വീണ്ടെടുക്കുന്നതിനായി കമ്പ്യൂട്ടർ, ലാപ് ടോപ്പ്, മൊബൈൽ ഫോൺ മുതലായവ വാങ്ങി നൽകുക എന്നതാണ് പദ്ധതി ലക്ഷ്യം. പ്രോജക്ട് നടപ്പാക്കിയതിൽ താഴെ കാണുന്ന അപാകതകൾ കാണുന്നു.

1. ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന യാതൊരുവിധ രേഖകളും ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

2.കെൽട്രോൺ സമർപ്പിച്ച പ്രൊഫോർമ ഇൻവോയിസ് (TVM/ITBG/P1/RC/21103/20-21 തീയതി 31.01.21) പ്രകാരം ഒരു കമ്പ്യൂട്ടറിന് 33154 രൂപയും, പ്രൊഫോർമ ഇൻവോയിസ് (TVM/ITBG/P1/RC/23124/20-21 തീയതി 18.02.22) പ്രകാരം രണ്ട് ലാപ്പ്ടോപ്പിനും കൂടി 56808 രൂപയും മുകളിൽ കാണിച്ച ബിൽ നമ്പർ മുഖേന കെൽട്രോണിന് കൈമാറിയിട്ടുണ്ട്. കെൽട്രോൺ നൽകിയ ഒറിജിനൽ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ സാധനങ്ങൾ ഏതൊക്കെയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല, വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ഇല്ല.

3. ടെണ്ടർ നടപടികളിലൂടെ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഹാപ്പി ഹോം എന്ന സ്ഥാപനത്തിൽ നിന്നും താഴെപ്പറയും പ്രകാരം ഇലക്ട്രോണിക്സ് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

ക്രമ നം.	ബിൽ നം/തിയ്യതി	തുക	വാങ്ങിയ സാധനങ്ങൾ	എണ്ണം
1	360/20.03.21	101500	LED TV	7
2	360/20.03.21	87000	LED TV	6
3	363/20.03.21	14400	SUN DTH METAL	6
4	366/22.03.21	22800	SAMSUNG MOBILE	3
5	362/2003.21	16800	MUSIC SYSTEM	7

മേല്പറഞ്ഞ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

4. മുഴുവൻ ഉപകരണങ്ങളും കൈപ്പറ്റിയതിന്റെ രസീതികൾ ഹാജരാക്കിയിട്ടില്ല.

5. പർചേസിംഗ് കമ്മിറ്റി മിനുട്സ് ഹാജരാക്കിയിട്ടില്ല.

6. പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ജീവിതം മുഴുവൻ കിടപ്പ് രോഗികളായി കഴിയുന്നവർക്കും ഭിന്നശേഷിക്കാരായവർക്കും വിനോദോപാധികൾ ഏർപ്പെടുത്തുന്നതിനായി കമ്പ്യൂട്ടർ, ലാപപ്ടോപ്പ്, മൊബൈൽഫോൺ, ടെലിവിഷൻ, മ്യൂസിക്ക് സിസ്റ്റം എന്നിവ വാങ്ങി നല്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കുകയോ അവർ ഇത്തരം സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാണോ എന്ന് പരിശോധിക്കുകയോ ചെയ്യാതെയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ അതിന്റെ പ്രായോഗിക വശങ്ങൾ കൂടി കണക്കിലെടുക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/23.03.22) മറുപടി ഹാജരാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ പദ്ധതി ചെലവ് തുകയായ 230962 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-11 പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി-ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ.-ചെലവ് സംബന്ധിച്ച വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ
പ്രൊജക്ട് നമ്പർ	48 /21
പ്രൊജക്ടിന്റെ പേര്	പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി-ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ.
അടങ്കൽ തുക	₹280500 വികസന ഫണ്ട് ₹280500(ഗ്രാമ പഞ്ചായത്ത് വിഹിതം)
ചെലവ് തുക	₹ 280500(വികസന ഫണ്ട്)
ബിൽ നമ്പർ/ തീയ്യതി	103/29.01.21 – 42500/- 117/16.02.21 – 86275/- 127/18.02.21 – 25500/- 128/18.02.21 – 41225/- 130/19.02.21 – 42500/- 135/25.02.21 – 42500/- ആകെ – 280500/-

ക്രമ നമ്പർ	ഗ്രാമ പഞ്ചായത്തിന്റെ പേര്	അനുവദിച്ച തുക ₹	വിനിയോഗിച്ച തുക ₹	അവശേഷിക്കുന്ന തുക ₹
1	ചൊക്ലി	25500	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല	25500-
2	കതിരൂർ	127500	ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താതെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി	127500
3	മൊകേരി	85000	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.	0
4.	പന്ന്യന്നൂർ	42500	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.	00

2020-21 വർഷത്തെ പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി-ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ എന്ന പദ്ധതിക്കു വേണ്ടി വികസന ഫണ്ടിൽ നിന്നും 280500 രൂപ ചെലവ് നടത്തിയിട്ടുണ്ട്. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഹാജരാക്കിയ ഫയലിൽ മേൽ തുകയുടെ ചെലവ് സംബന്ധിച്ച വിവരങ്ങൾ ഇല്ല. ഏതെല്ലാം ഗ്രാമ പഞ്ചായത്തുകൾക്ക് എത്ര തുകയാണ് അനുവദിച്ചിരിക്കുന്നത് എന്ന് വ്യക്തമല്ല. ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്, തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/14.03.22) ലഭ്യമാക്കിയ മറുപടിയിൽ ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം മേല്പറഞ്ഞ പട്ടികയിൽ പറഞ്ഞ പ്രകാരം ഹാജരാക്കിയിട്ടുണ്ട് കതിരൂർ ഗ്രാമ പഞ്ചായത്തിന്റ 127500 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താതെയാണ് ഹാജരാക്കിയിട്ടുള്ളത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ

സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. ചൊക്ലി ഗ്രാമ പഞ്ചായത്തിന് അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രവും മുഴുവൻ തുകയും വിനിയോഗിച്ചിട്ടില്ലെങ്കിൽ അവശേഷിക്കുന്ന തുക തിരിച്ചടച്ചതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

1-12 തരിശുഭൂമിയിൽ നെൽ കൃഷി-ബ്ലോക്ക് വിഹിതം നൽകൽ-ചെലവ് സംബന്ധിച്ച വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ
പ്രൊജക്ട് നമ്പർ	84 /21
പ്രൊജക്ടിന്റെ പേര്	തരിശുഭൂമിയിൽ നെൽ കൃഷി-ബ്ലോക്ക് വിഹിതം നൽകൽ
അടങ്കൽ തുക	₹1,90,000 വികസന ഫണ്ട് 190000(ഗ്രാമ പഞ്ചായത്ത് വിഹിതം)
ചെലവ് തുക	₹ 1,66,250 വികസന ഫണ്ട്
ബിൽ നമ്പർ/തീയ്യതി	101/25.01.21 – 26250/- 116/11.02.21 – 140000/- ആകെ – 166250/-

ക്രമ നമ്പർ	ഗ്രാമ പഞ്ചായത്തിന്റെ പേര്.	അനുവദിച്ച തുക ₹	വിനിയോഗിച്ച തുക ₹	അവശേഷിക്കുന്ന തുക ₹
2	കതിരൂർ	160000	ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താതെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി	160000
3	മൊകേരി	30000	26250 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.	3750

2020-21 വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരം തരിശു ഭൂമിയിൽ നെൽ കൃഷി- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ എന്ന പദ്ധതിക്കു വേണ്ടി വികസന ഫണ്ടിൽ നിന്നും 1,66,250 രൂപ ചെലവ് നടത്തിയതായി കാണുന്നു. കതിരൂർ ഗ്രാമ പഞ്ചായത്തിന് 160000/- രൂപയും മൊകേരി ഗ്രാമ പഞ്ചായത്തിന് 30000/- രൂപയും അനുവദിക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഹാജരാക്കിയ ഫയലിൽ മേൽ തുകയുടെ ചെലവ് സംബന്ധിച്ച വിവരങ്ങൾ ഇല്ല. തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/14.03.22) ലഭ്യമാക്കിയ മറുപടിയായി മൊകേരി ഗ്രാമ പഞ്ചായത്തിന് അനുവദിച്ച 30000 രൂപയിൽ 26250 ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്, തുകയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ മറുപടിയിൽ കതിരൂർ ഗ്രാമപഞ്ചായത്തിന് 140000 അനുവദിച്ചു എന്നാണ് അറിയിച്ചത്. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഹാജരാക്കിയ ഫയലിൽ മേൽ തുകയുടെ ചെലവ് സംബന്ധിച്ച വിവരങ്ങൾ ഇല്ലാത്തതിനാൽ എത്ര തുകയാണ് അനുവദിച്ചിരിക്കുന്നത് എന്ന് വ്യക്തമല്ല. വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താതെയാണ് ഹാജരാക്കിയിട്ടുള്ളത്. കതിരൂർ ഗ്രാമപഞ്ചായത്തിന് തുക അനുവദിച്ചതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്. മൊകേരി ഗ്രാമ പഞ്ചായത്തിന് അനുവദിച്ച തുകയിൽ വിനിയോഗിച്ചതിൽ അവശേഷിക്കുന്ന തുകയായ 3750 രൂപ തിരിച്ചടച്ചതിന്റെ വിവരവും ലഭ്യമക്കേണ്ടതാണ്.

1-13 പൊന്ന്യം അഗ്രോ സൊസൈറ്റിക്ക് സോളാർ പവർ പാനൽ സ്ഥാപിക്കൽ-ചെലവുതുക 130000/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ
പ്രോജക്റ്റ് നം	So 65/20-21, പൊന്ന്യം അഗ്രോ സൊസൈറ്റിക്ക് സോളാർ
അടങ്കൽ	130000(വികസനഫണ്ട്)
ചെലവ്	130000(വികസനഫണ്ട്)
ബിൽ നം./തിയതി	17/20-21 തിയ്യതി 11.04.20

പൊന്ന്യം അഗ്രോ സെസൈറ്റിക്ക് സോളാർ പവർ പാനൽ സ്ഥാപിക്കുന്നതിനായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണിത്.
കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുടെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പൊന്ന്യം അഗ്രോ സൊസൈറ്റിയുടെ പച്ചക്കറി സംഭരണ വിപണന കേന്ദ്രത്തിന് സോളാർ പാനൽ(സോളാർ പവർ ജൻസി LG Solar Module, ബാറ്ററി അസംബ്ലി) സ്ഥാപിക്കുന്നതിനായി പൊന്ന്യം അഗ്രോ സൊസൈറ്റിക്ക് 130000(ബിൽ നം.17/20-21 തിയതി 11.04.20) കൈമാറിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം22/2018/തസ്വഭവ /14.02.2018 6.9. പ്രകാരം അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങുന്നതിന് നോഡൽ ഏജൻസിയായ അനർട്ടിന്റെ സേവനം ലഭ്യമാക്കേണ്ടതാണ്. അനെർട്ട് ഇതിനായി ഇ-ടെണ്ടർ ക്ഷണിക്കുകയും ടി സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട് ഉപകരണങ്ങൾ വാങ്ങാവുന്നതാണ്. ഗുണഭോക്താവ് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി ഉപകരണങ്ങൾ വാങ്ങുകയാണെങ്കിൽ ബാക്ക് എൻഡ്സ് സബ്സിഡി തുക വായ്പാ അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്. എന്നാൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി തുക പൊന്ന്യം അഗ്രോ സൊസൈറ്റിക്ക് നേരിട്ട് കൈമാറിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം22/2018/തസ്വഭവ/14.02.2018 6.9. പ്രകാരം ഗുണഭോക്താവ് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി ഉപകരണങ്ങൾ വാങ്ങുകയാണെങ്കിൽ 20 ശതമാനം സബ്സിഡി നിരക്കാണ് അനുവദനീയമായത്. ബാങ്ക് വായ്പ ഉപയോഗപ്പെടുത്തിയതായി ഫയലിൽ രേഖകളൊന്നും ഇല്ല. ബാങ്ക് വായ്പ ഉപയോഗപ്പെടുത്താത്തതിന്റെ കാരണം വ്യക്തമല്ല. പ്രസ്തുത ഇനത്തിലുള്ള എസ്റ്റിമേറ്റ് തുക കണക്കാക്കാത്തത് കാരണം പൊന്ന്യം അഗ്രോ സൊസൈറ്റിക്ക് കൈമാറിയ 130000 രൂപ മുഴുവൻ തുകയാണോ അതോ സബ്സിഡി തുകയായി നൽകിയതാണോ, എത്ര ശതമാനം സബ്സിഡി നിരക്ക് അനുവദിച്ചു എന്നത് വ്യക്തമല്ല.മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ടെങ്കിൽ 20 ശതമാനം സബ്സിഡി തുക ഒഴികെ ബാക്കി തുക തിരിച്ചടക്കേണ്ടതാണ്.

3. പൊന്ന്യം അഗ്രോ സൊസൈറ്റിക്ക് കൈമാറിയ തുക ഉപയോഗിച്ച് സോളാർ പവർ പാനൽ വാങ്ങിയതിന്റ വിശദാംശങ്ങളും ചെലവ് രേഖകളും ലഭ്യമാക്കിയിട്ടില്ല.

4. സോളാർ പ്ലാന്റുകളുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ടും നിർദ്ദേശിച്ച പ്രകാരമുള്ള സാധനങ്ങൾ തന്നെയാണോ സ്ഥാപിച്ചത് എന്നത് സംബന്ധിച്ച് ക്ഷമതയുള്ള അധികാര സ്ഥാനത്തു നിന്നുള്ള സാക്ഷ്യപത്രവും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

5. സോളാർ സ്ഥാപിക്കുന്നതിനുള്ള എം.എൻ.ആർ.ഇ സ്പെസിഫിക്കേഷനും സബ്സിഡി വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

6. പവർ പാനലിന്റെ കംപ്ലീഷൻ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കമ്മീഷൻ ചെയ്ത തിയതി വ്യക്തമല്ല.

7. പവർ പാനൽ സ്ഥാപിക്കുന്നതിനായി ചെലവായ ആകെ തുക എത്ര?ഇതിനു വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

8. മേൽ പ്ലാന്റ് സ്ഥാപിച്ചതുകൊണ്ട് വൈദ്യുതി ചാർജ് ഇനത്തിൽ വന്ന കുറവ് എത്രയാണെന്ന് വ്യക്തമാക്കിയിട്ടില്ല.

9. വിപണന കേന്ദ്രം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിലാണോ സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/19.03.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ ചെലവുതുക 130000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-14 പ്രാദേശിക കാർഷിക വിപണന കേന്ദ്രം(വനിത)-പദ്ധതിയിനത്തിൽ ചെലവായ 125000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട്	പ്രാദേശിക കാർഷിക വിപണന കേന്ദ്രം(വനിത)
പ്രോജക്ട് നം	50/21
അടങ്കൽ	₹125000(വികസനഫണ്ട്) ₹25000(തനത് ഫണ്ട്)
ചെലവ്	₹125000(വികസനഫണ്ട്)
ബിൽനം & തീയതി	11/20-21/28-03-21

കാർഷിക വിപണന കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കൃഷി അസ്സി.ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തികവർഷം വികസനഫണ്ടിൽ നിന്നും 125000 രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള കതിരൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏഴ് പേർ അടങ്ങുന്ന തളിർ എന്ന പേരിലുള്ള കാർഷിക സംരംഭക ഗ്രൂപ്പിന് 2020-21വാർഷിക പദ്ധതിയുടെ ഭാഗമായി കാർഷിക സംരംഭങ്ങൾക്ക് ധന സഹായം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വനിതകൾക്ക് പ്രാദേശിക വിപണനകേന്ദ്രം തുടങ്ങുന്നതിനുള്ള ആനുകൂല്യം നൽകുന്നതിനായി 15.02.21 തിയ്യതിയിലെ 79(2)/21 നമ്പർ സാധാരണ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായ അപാകത ചുവടെ ചേർക്കുന്നു.

1. ശബരി ഇൻഡസ്ട്രീസ് സമർപ്പിച്ച ടാക്സ് ഇൻവോയിസ് പ്രകാരം കൊപ്ര ഡ്രയർ Chimmney Type Stndard Size 20 Feet വാങ്ങിയ ഇനത്തിൽ 196350രൂപയും സൂപ്പർവൈസിംഗ് ചാർജിനത്തിൽ 9520 രൂപയും കൂടി ആകെ 205870രൂപയാണ്. അത് പ്രകാരം ടി ഗ്രൂപ്പിന് കാർഷിക ഉൽപ്പന്ന വിപണന കേന്ദ്രം ആരംഭിക്കുന്നതിനായി പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനായി കൊപ്ര ഡ്രയർ Chimmney Type Stndard Size 20 Feet വാങ്ങിയ ഇനത്തിൽ 125000രൂപ ശബരി ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് (ബിൽ നം.11/20-21 തിയ്യതി 28.03.21) കൈമാറിയിട്ടുണ്ട്. സ.ഉ(പി) 259/2010 /LSGD, തീ. 8-11-20 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ₹50,000 യിൽ അധികം വരുന്ന സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് ലിമിറ്റഡ് ടെണ്ടർ മുഖേന നടത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കാർഷിക വിപണന കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ശബരി ഇൻഡസ്ട്രീസിൽ നിന്നും ടെൻഡർ കൂടാതെയാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.

2. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം22/2018/തസ്വഭവ/14.02.2018 6.1.(16) പ്രകാരം പരമാവധി തുക (സബ്സിഡി തുക 100%) തദ്ദേശ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാവുന്നതും കാർഷിക വിപണന കേന്ദ്രങ്ങളുമായി കരാർ ഉടമ്പടി ചമയ്ക്കുകയും ചെയ്യേണ്ടതാണ്. അപ്രകാരം തുക നിശ്ചയിച്ചതിന്റെയും കരാർ ഉടമ്പടിയുടെയും വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

3. സ്ഥാപനങ്ങളുടെ മൊബൈൽ നമ്പർ, ഇ-മെയിൽ ഐഡി എന്നിവ തദ്ദേശ സ്ഥാപനത്തിന്റെ സൈറ്റിൽ പ്രസിദ്ധീകരിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

4. യൂണിറ്റ് തൊഴിൽ സംരംഭം ആരംഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഏത് തരം സംരംഭമാണ് ആരംഭിച്ചത് എന്നതിന്റെ വിശദാംശങ്ങൾ ആരംഭിച്ച തൊഴിൽ സംരംഭത്തിന്റെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഗ്രൂപ്പുകൾ പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

5. ഭൗതിക/പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് വാങ്ങിച്ച സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

6. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(21/18.03.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ പദ്ധതിയിനത്തിൽ ചെലവായ 125000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-15 പ്രാദേശിക കാർഷിക വിപണന കേന്ദ്രം(വനിത)-ചെലവുതുക 149000/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ
പ്രോജക്ട്	പ്രാദേശിക കാർഷിക വിപണന കേന്ദ്രം(വനിത)

പ്രോജക്ട് നം	47/21
അടങ്കൽ	₹125000(വികസനഫണ്ട്) ₹25000(തനത് ഫണ്ട്)
ചെലവ്	₹125000(വികസനഫണ്ട്) ₹24000(തനത് ഫണ്ട്)
ബിൽനം & തീയതി	11/20-21/28-03-21

കാർഷിക വിപണന കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കൃഷി അസ്സി.ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തികവർഷം വികസനഫണ്ടിൽ നിന്നും 125000 രൂപയും തനത് ഫണ്ടിൽ നിന്നും 25000രൂപയും വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായ അപാകത ചുവടെ ചേർക്കുന്നു.

1. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സമർപ്പിച്ച ടാക്സ് ഇൻവോയിസ് പ്രകാരം Vegetable Outlet Hut(10x15x10 Ft) വാങ്ങിയ ഇനത്തിൽ 149000 രൂപയാണ്. അത് പ്രകാരം വികസനഫണ്ടിൽ നിന്നും 125000 രൂപയും(ബിൽ നമ്പർ 10/20-21 തിയ്യതി 28-03-21) തനത് ഫണ്ടിൽ നിന്നും 24000രൂപയും അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. തനത് ഫണ്ട് കൈമാറിയതിന്റെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഏത് കർഷക സംരംഭക ഗ്രൂപ്പിനാണ് 2020-21വാർഷിക പദ്ധതിയുടെ ഭാഗമായി കാർഷിക സംരംഭങ്ങൾക്ക് ധന സഹായം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിനായി തീരുമാനിച്ചിട്ടുള്ളത് എന്നത് വ്യക്തമാക്കിയിട്ടില്ല.

3. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം22/2018/തസ്വഭവ/14.02.2018 6.1.(16) പ്രകാരം പരമാവധി തുക തദ്ദേശ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാവുന്നതും കാർഷിക വിപണന കേന്ദ്രങ്ങളുമായി കരാർ ഉടമ്പടി ചമയ്ക്കുകയും ചെയ്യേണ്ടതാണ്. അപ്രകാരം തുക നിശ്ചയിച്ചതിന്റെയും കരാർ ഉടമ്പടിയുടെയും വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

3. സ്ഥാപനങ്ങളുടെ മൊബൈൽ നമ്പർ, ഇ-മെയിൽ ഐഡി എന്നിവ തദ്ദേശ സ്ഥാപനത്തിന്റെ സൈറ്റിൽ പ്രസിദ്ധീകരിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

4. യൂണിറ്റ് തൊഴിൽ സംരംഭം ആരംഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഏത് തരം സംരംഭമാണ് ആരംഭിച്ചത് എന്നതിന്റെ വിശദാംശങ്ങൾ, ആരംഭിച്ച തൊഴിൽ സംരംഭത്തിന്റെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5. ഗ്രൂപ്പുകൾ പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ, ഭൗതിക/പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് വാങ്ങിച്ച സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/18.03.22)മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ ചെലവുതുക 149000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-16 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി-ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ.- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ
പ്രൊജക്ട് നമ്പർ	46 /21
പ്രൊജക്ടിന്റെ പേര്	നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി-ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ.
അടങ്കൽ തുക	₹188700 വികസന ഫണ്ട് 188700(ഗ്രാമ പഞ്ചായത്ത് വിഹിതം)
ചെലവ് തുക	₹ 188700 വികസന ഫണ്ട്
ബിൽ നമ്പർ/തീയ്യതി	69/28.09.20 – 18700/- 70/28.09.20 – 62526/- 72/29.09.20 – 5474/-

	71/29.09.20 – 68000/- 96/21.01.21 – 34000/- ആകെ – 188700/-

ക്രമ നമ്പർ	ഗ്രാമ പഞ്ചായത്തിന്റെ പേര്.	അനുവദിച്ച തുക ₹	വിനിയോഗിച്ച തുക ₹	അവശേഷിക്കുന്ന തുക ₹
1	ചൊക്ലി	18700	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല	18700
2	കതിരൂർ	68000	ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താതെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി	68000
3	മൊകേരി	68000	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.	0
4.	പന്ന്യന്നൂർ	34000	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.	00

2020-21 വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരം നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി-ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ എന്ന പദ്ധതിക്കു വേണ്ടി വികസന ഫണ്ടിൽ നിന്നും 188700/- രൂപ ചെലവ് നടത്തിയതായി കാണുന്നു. എന്നാൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഹാജരാക്കിയ ഫയലിൽ മേൽ തുകയുടെ ചെലവ് സംബന്ധിച്ച വിവരങ്ങൾ ഇല്ല. ഏതെല്ലാം ഗ്രാമ പഞ്ചായത്തുകൾക്ക് എത്ര തുകയാണ് അനുവദിച്ചിരിക്കുന്നത് എന്ന് വ്യക്തമല്ല. ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്, തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/14.03.22) ലഭ്യമാക്കിയ മറുപടിയിൽ, പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 34000രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും, ചൊക്ലി ഗ്രാമ പഞ്ചായത്തിന്റെ 18700രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും, കതിരൂർ, ചൊക്ലി എന്നീ ഗ്രാമ പഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രവും മൊകേരി ഗ്രാമ പഞ്ചായത്തിന്റെ 68000രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്. കതിരൂർ ഗ്രാമ പഞ്ചായത്തിന്റെ വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താതെയാണ് ഹാജരാക്കിട്ടുള്ളത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ വിനിയോഗ സാക്ഷ്യപത്രവും മുഴുവൻ തുകയും വിനിയോഗിച്ചിട്ടില്ലെങ്കിൽ അവശേഷിക്കുന്ന തുക തിരിച്ചടച്ചതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

1-17 തരിശുഭൂമി-പച്ചക്കറികൃഷി-ചെലവുതുക ₹300000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ :	കൃഷി അസിസ്റ്റന്റ് ഡയറക്ടർ
പ്രൊജക്ട് നമ്പർ :	SO 49 /21
പ്രൊജക്ടിന്റെ പേര് :	തരിശുഭൂമി-കാർഷിക പ്രവർത്തനങ്ങൾ
അടങ്കൽ തുക :	₹383400 വികസന ഫണ്ട്
ചെലവ് തുക :	₹ 300000വികസന ഫണ്ട്
ബിൽ നമ്പർ/തീയ്യതി	105/01.02.21 - ₹ 25000 129/18.2.21 - ₹ 71000

	133/22.2.21 - ₹ 43500 143/01.03.21 - ₹ 25000 142/01.03.21 - ₹26400 146/5.3.21 - ₹50000 154/05.03.21 - ₹25000 155/15.03.21 - ₹ 34100

തരിശുഭൂമി-കാർഷിക പ്രവർത്തനങ്ങൾ എന്ന വനിത ഘടക പദ്ധതി പ്രകാരം പന്ത്രണ്ട് ഹെക്ടർ തരിശു നിലത്തിൽ പച്ചക്കറി, വാഴ കൃഷി നടത്തുന്നതിനായി വിവിധ ജെ.എൽ ഗ്രൂപ്പുകൾ, സാമൂഹ്യ സംഘടനകൾ മുഖേന കൃഷിക്കാവശ്യമായ പച്ചക്കറി തൈകൾ, ജൈവ വളം, കൂലിച്ചെലവ് എന്നിവയ്ക്ക് സബ്സിഡി നല്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. 2020-21 വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരം തരിശുഭൂമി-കാർഷിക പ്രവർത്തനങ്ങൾ എന്ന പദ്ധതിക്കു വേണ്ടി വികസന ഫണ്ടിൽ നിന്നും 300000 രൂപ ചെലവ് നടത്തിയതായി കാണുന്നു. തുക കൈമാറിയിരിക്കുന്നത് ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിലെ കർഷക ഗ്രൂപ്പുകൾക്കാണ്, കൈമാറിയ തുക എത് തരം പ്രവർത്തികൾക്കാണ് ചെലവഴിച്ചത് എന്നത് വ്യക്തമാക്കുന്ന ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. തയ്യാറാക്കിയ കാർഷികപ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തിയിട്ടുണ്ടോ, ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകളും ഭൂനികുതി രസീതികളും ഹാജരാക്കേണ്ടതാണ്, വിവിധ ജെ.എൽ ഗ്രൂപ്പുകളടങ്ങിയ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് തരിശുഭൂമി-കാർഷിക പ്രവർത്തനങ്ങൾ എന്ന പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിന് സമർപ്പിച്ചിട്ടുള്ളത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/18.03.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ ചെലവുതുക ₹300000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-18 സ്വയംതൊഴിൽ സംരംഭം -പരിശീലനം ലഭിച്ചവർ സംരംഭങ്ങൾ ആരംഭിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ
പ്രോജക്ട്	എൽ ഇ ഡി ഉല്പന്ന നിർമാണ പരിശീലനവും സംരഭങ്ങൾക്ക് സബ്സിഡി നൽകലും
പ്രോജക്ട് നം	90/21
അടങ്കൽ	₹210000(വികസനഫണ്ട്)
ചെലവ്	₹200000(വികസനഫണ്ട്)
ബിൽനം & തീയതി	202207630072030863/20-21/11-04-20

പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള നാല് വനിത ഗ്രൂപ്പുകൾക്ക് എൽ ഇ ഡി ഉല്പന്ന നിർമ്മാണ പരിശീലനവും സംരഭക ഗ്രൂപ്പുകൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി നാല് എൽ ഇ ഡി ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങുന്നതിനായി ലക്ഷ്യമിട്ട പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം സ്ത്രീകളും പുരുഷൻമാരും ഉൾപ്പടെ ഇരുപത് പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. എൽ ഇ ഡി ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്നതിന് രണ്ട് ലക്ഷം രൂപ മേൽ ബിൽ പ്രകാരം സെന്റർ ഫോർ മാനേജ്മെന്റിന് കൈമാറിയിട്ടുണ്ട്. എന്നാൽ പരിശീലനം ലഭിച്ച ഇരുപത് പേരിൽ അഞ്ച് പേർ മാത്രമേ ഗ്രൂപ്പ് സംരംഭം ആരംഭിച്ചിട്ടുള്ളൂ. പന്ന്യന്നൂർ കിരണം സെൽഫ് ഹെൽപ് ഗ്രൂപ്പാണ് എൽ ഇ ഡി ഉല്പന്ന നിർമ്മാണ യൂണിറ്റ് തുടങ്ങിയിരിക്കുന്നത്. ബാക്കി വരുന്ന പതിനഞ്ച് പേർ നാളിതുവരെ സംരംഭങ്ങൾ ആരംഭിച്ചിട്ടില്ല. ഇത്രയും വലിയ തുക പരിശീലനത്തിനായി ചെലവഴിച്ചിട്ടും സംരംഭങ്ങൾ തുടങ്ങാതിരുന്നത് വലിയ വീഴ്ചയാണ്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം22/2018/തസ്വഭവ /14.02.2018 8.5. പ്രകാരം പരിശീലനത്തിന് മാത്രമായി പ്രോജക്ടുകൾ വിഭാവനം ചെയ്യുന്നത് അനുവദനീയമല്ല. പരിശീലനം ലഭിച്ച പതിനഞ്ച് പേർ പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം സംരഭങ്ങൾ ആരംഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്, കൂടാതെ സംരംഭം പ്രവർത്തന സജ്ജമാണെന്ന് തെളിയിക്കുന്നതിനാവശ്യമായ വിറ്റുവരവ് രേഖപ്പെടുത്തുന്ന രജിസ്റ്റർ, സാമ്പത്തിക ഇടപാടുകൾ തെളിയിക്കുന്ന ബാങ്ക് പാസ് ബുക്ക്, എന്നീ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(4/14.03.22)ലഭ്യമാക്കിയ മറുപടിയിൽ സംരംഭങ്ങൾ ഉടൻ ആരംഭിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിലെ അഞ്ച് വനിതകളടങ്ങിയ പന്ന്യന്നൂർ കിരണം സെൽഫ് ഹെൽപ് ഗ്രൂപ്പ് എൽ ഇ ഡി ഉല്പന്ന നിർമ്മാണ യൂണിറ്റ് തുടങ്ങിയതിന്റെ വിശദാംശങ്ങൾ

ഹാജരാക്കിയിട്ടുണ്ട്. മറ്റ് ഗ്രൂപ്പ് സംരംഭങ്ങൾ എത്രയും വേഗം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 അങ്കണവാടികൾക്ക് ചുമർചിത്രം കൈമാറിയ തുകയുടെ കൈപ്പറ്റും മറ്റ് രേഖകളും ലഭ്യമാക്കിയില്ല ചെലവ് തുക ₹59625 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി,പാനൂർ ബ്ലോക്ക് പഞ്ചായത്ത്
പ്രോജക്ടിന്റെ നമ്പരും പേരും	70/21 എം.ജി.എൻ.ആർ.ജി.എസ് പദ്ധതിയിൽ പുതുതായി നിർമ്മിച്ച അങ്കണവാടികൾക്ക് ചുമർചിത്രം
അടങ്കൽ	₹50000 വികസനഫണ്ട് ₹10000 തനത് ഫണ്ട്
ചെലവ്	₹50000 വികസനഫണ്ട് ₹9625 തനത്ഫണ്ട്
ബിൽ നമ്പർ/ തീയ്യതി	20220763007000112763/28.04.20 ₹50000 CB No.14/20-21/27.05.20 ₹9625

കതിരൂർ, പന്ന്യന്നൂർ ഗ്രാമപഞ്ചായത്തുകളിൽ പുതുതായി നിർമ്മിച്ച അങ്കണവാടികളിൽ ബാലസൗഹൃദ ചുമർചിത്രങ്ങൾ തയ്യാറാക്കുന്നതിനു വേണ്ടിയാണ് മേൽ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.ഇതിനായി ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ തുക ക്വാട്ട് ചെയ്ത നിരാമയി അഡ്വർടൈസിങ് ,ചൊക്ലി എന്ന സ്ഥാപനത്തെ പ്രവൃത്തിയേൽപിച്ചു. സ്ഥാപനമുടമ ശ്രീ.ടി.രാജൻ എന്നയാളുടെ അക്കൗണ്ടിലേക്ക് ₹59625 മുകളിൽ കൊടുത്ത പ്രകാരം കൈമാറിയിട്ടുണ്ട്.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) തുക ടിയാൻ കൈപ്പറ്റിയതിന്റ രേഖകൾ ഫയലിൽ ലഭ്യമല്ല.

2)പ്രവൃത്തി, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വാല്വേഷൻ നടത്തിയിട്ടില്ല.

3)പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല.

4)ചെലവ് തുകയിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടുന്ന 2% ആദായനികുതി ഈടാക്കിയിട്ടില്ല

മേൽ അപാകങ്ങൾ കാരണം ചെലവ് തുക ₹59625 തടസ്സത്തിൽ വെക്കുന്നു

1-20 സോളാർ പാനൽ സ്ഥാപിക്കൽ -കെ.എസ്.ഇ.ബി ഡിപോസിറ്റ് പ്രവൃത്തി- നിലവിലെ സ്ഥിതിവിവരം ലഭ്യമല്ല ₹1400000 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി,പാനൂർ ബ്ലോക്ക് പഞ്ചായത്ത്
പ്രോജക്ടിന്റെ നമ്പരും പേരും	64/21 മൊകേരി ആർ.ആർ.എഫിൽ സോളാർ പാനൽ സ്ഥാപിക്കൽ
അടങ്കൽ	₹1400000 വികസനഫണ്ട് ₹55607 തനത് ഫണ്ട്
ചെലവ്	₹1400000 വികസനഫണ്ട്
ബിൽ നമ്പർ/ തീയ്യതി	BRN20220763007000030845/12.04.20

പാനൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന മൊകേരി ഗ്രാമപഞ്ചായത്തിലെ ആർ.ആർ.എഫ് ൽ (Resources Recovery Facility Centre)സോളാർപാനൽ സ്ഥാപിക്കുന്നതിനുള്ള മേൽ പദ്ധതിക്ക് 2019-20ൽ തന്നെ അംഗീകാരം ലഭിച്ചിരുന്നെങ്കിലും ആ വർഷം പദ്ധതി നടപ്പിലാക്കിയില്ല. 2020-21 വർഷം സ്പിൽ ഓവർ ആയാണ് പദ്ധതി നടപ്പാക്കിയത്. ഇതിനായി വികസനഫണ്ടിൽ നിന്നും ₹1400000വും തനത് ഫണ്ടിൽ നിന്നും 55607രൂപയും വകയിരുത്തി കെ.എസ് .ഇ.ബി ഡെപ്പൊസിറ്റ് പ്രവൃത്തി ആയി ചെയ്യാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി സ്ഥലം സന്ദർശിച്ച് 1400000രൂപയുടെ എസ്റ്റിമേറ്റ് നൽകുകയും കെ.എസ്.ഇ.ബിയും ബ്ലോക്ക് പഞ്ചായത്തും കരാറിലേർപ്പെടുകയും ചെയ്തു. തുടർന്ന് ₹1400000 സെക്രട്ടറി കെ.എസ്.ഇ.ബി എൽ വൈദ്യുതി ഭവനം, പട്ടം തിരുവനന്തപുരത്തിന്റെ 57065480137 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. (KSEBL Receipt No.എ സി.എ -II /ക്യാഷ്/2020-21തീയ്യതി 15.06.20).

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 05.10.20ലെ ബി.1451/19 നമ്പർ കത്തിലൂടെ സൗരോർജ്ജനിലയം സ്ഥാപിക്കാനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുവാൻ ചീഫ് എഞ്ചിനീയർ, റിന്യൂവബ്ൾ എനർജി&എനർജി സേവിംഗ്സ് .കെ.എസ്.ഇ.ബിയോട് ആവശ്യപ്പെട്ടു. കെ.എസ്.ഇ.ബിയുടെ 23.10.20ലെ സി.ഇ.(ആർ ഇ ഇ എസ്) /ഗവ.ഇൻസ്റ്റിറ്റ്യൂഷൻസ് -ആർറ്റി /എ ഇ ഇ9/ 2020-21/ 799 നമ്പർ കത്തിൽ മൊകേരി ആർ ആർ എഫിൽ സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട്(ഡി.പി.ആർ)സമർപ്പിച്ചു. ഡി.പി.ആർ ഭരണസമിതി അംഗീകരിക്കുകയും എത്രയും പെട്ടെന്ന് പണി പൂർത്തിയാക്കാൻ സെക്രട്ടറി 2.12.20ലെ ബി.1451/19 നമ്പർ കത്തിലൂടെ സെക്രട്ടറി കെ.എസ്.ഇ.ബിയോട് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ പിന്നീട് ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ നടന്നതായി കാണുന്നില്ല.

31.01.22 ലെ ബി.1451/19 നമ്പർ കത്തിൽ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിച്ചില്ലെങ്കിൽ ഡെപ്പോസിറ്റ് തുക പലിശയടക്കം തിരിച്ചു പിടിക്കുന്നതാണെന്ന് സെക്രട്ടറി കെ.എസ്.ഇ.ബി ചീഫ് എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിലുണ്ടായ തുടർ നടപടി വിവരങ്ങൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/19.03.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹1400000 തടസ്സത്തിൽ വെക്കുന്നു.

1-21 കില ഹോസ്റ്റൽ നിർമ്മാണം-ബ്ലോക്ക് വിഹിതം കൈപ്പറ്റും വിനിയോഗവും ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി,പാനൂർ ബ്ലോക്ക് പഞ്ചായത്ത്
പ്രോജക്ടിന്റെ നമ്പരും പേരും	94/21 കൊട്ടാരക്കര കില സി.എച്ച്.ആർ.ഡി വനിതാഹോസ്റ്റൽ നിർമ്മാണം ബ്ലോക്ക് വിഹിതം
അടങ്കൽ	₹300000 വികസനഫണ്ട്
ചെലവ്	₹300000
ബിൽ നമ്പർ/ തീയ്യതി	20220763007000416136/12.08.20 ₹ 300000

കൊട്ടാരക്കര സി.എച്ച്.ആർ.ഡിയിൽ കിലയുടെ അധീനതയിലുള്ള സ്ഥലത്ത് വനിതകൾക്ക് ഹോസ്റ്റൽ നിർമ്മാണത്തിനായി ഓരോ ബ്ലോക്ക് പഞ്ചായത്തും 3 ലക്ഷം രൂപ വീതം കിലക്ക് ലഭ്യമാക്കണമെന്ന് സ.ഉ(സാധാ)നമ്പർ 2956/2019/ത.സ്വ.ഭ.വ /27.12.19 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം നൽകുന്നതിനായി മേൽ പദ്ധതി പ്രകാരം ₹300000 BRN2022 0763007000416136/12.08.20 മുഖേന പിൻവലിച്ച് കില ഡയറക്ടറുടെ 67221319393 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രശീതിയും വിനിയോഗസാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

1-22 ഹോണറേറിയം തുക തിരികെ ലഭിച്ചിട്ടില്ല

കേരളസംസ്ഥാന സാക്ഷരതാമിഷനിലെ സാക്ഷരതാപ്രേരക് മാരുടെ 2020 ഡിസംബർ മുതലുള്ള ഹോണറേറിയം, സാക്ഷരതാമിഷൻ പിന്നീട് പ്രസ്തുത തുക തദ്ദേശഭരണസ്ഥാപനങ്ങൾക്ക് തിരിച്ച് നൽകണമെന്ന വ്യവസ്ഥയോടെ തദ്ദേശഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് സ.ഉ (സാധാ) നമ്പർ 626/2021/ത.സ്വ.ഭ.വ തീയ്യതി 26.02.21 ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.ഇതിന്റെ അടിസ്ഥാനത്തിൽ പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള സാക്ഷരതാപ്രേരകായ ശ്രീമതി അജിത വി.പി യുടെ ഡിസംബർ2020, ജനവരി 2021, ഫിബ്രവരി 2021 മാസങ്ങളിലെ ഹോണറേറിയം താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

ബിൽ നമ്പർ	ചെക്ക് നമ്പർ,തീയ്യതി	മാസം	തുക
CB 114/21	5577525/27.03.21	ഡിസംബർ2020,ജനവരി 2021	22,000
CB 115/21	5577526/30.03.21	ഫിബ്രവരി 2021	11,500

മുകളിൽ കൊടുത്ത പ്രകാരം ചെലവഴിച്ച ₹33,500 സാക്ഷരതാമിഷനിൽ നിന്നും തിരികെ ലഭ്യമാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/14.03.22ന് തുക തിരികെ ലഭ്യമാകുന്നമുറക്ക് LGTSB ഫണ്ടിൽ വരവ് വെക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുക തിരികെ ലഭ്യമായ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 ഐ.കെ.എം ന് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ / പേര്	2/21 ഐ.കെ.എം ന് വിഹിതം നൽകൽ
അടങ്കൽ	₹27022 വികസന ഫണ്ട്
ചെലവ്	₹27022ബിൽ നമ്പർ /തിയതി : 20220763007000366238/23.07.20

2020-21 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയ ₹27022 യുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ആയത് ലഭ്യമാക്കേണ്ടതാണ്.

1-24 സർക്കാർ/എയ്ഡഡ് സ്കൂളുകൾക്ക് ഷീപാഡ് പദ്ധതി-ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരപരിധിയിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളിൽ നടത്തിയ ചെലവ് തുക ₹465000 തടസപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി,പാനൂർ ബ്ലോക്ക് പഞ്ചായത്ത്
പ്രോജക്ടിന്റെ നമ്പരും പേരും	63/21 സർക്കാർ/എയ്ഡഡ് സ്കൂളുകൾക്ക് ഷീപാഡ് പദ്ധതി
അടങ്കൽ	₹465000വികസനഫണ്ട്
ചെലവ്	₹465000
ബിൽ നമ്പർ/ തീയ്യതി	7000030836 11-4-2020

സർക്കാർ/എയ്ഡഡ് സ്കൂളുകൾക്ക് ഷീപാഡ് പദ്ധതി എന്ന മേൽ പദ്ധതി 2019-20ൽ നടപ്പാക്കി ചെലവ് തുക ക്യൂബിൽ ആയത് കാരണം സ്പിൽ ഓവറായി 2020-21ൽ പൂർത്തീകരിക്കുകയാണ് ചെയ്തത്. 2019-20 വർഷത്തിൽ ഇതിനായി തനത് ഫണ്ട് ₹34999 സി.ബി നമ്പർ 144/19-20/18.03.20 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.പാനൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 10 സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കിയത്. ഇതിനായി 2019-20ൽ വനിതാവികസനകോർപറേഷനുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിലും പിന്നീട് ടെണ്ടർ ക്ഷണിച്ച് ഫ്ലോറെറ്റ് ടെക്നോളജീസ് ,പഴവങ്ങാടി ,തിരുവനന്തപുരം എന്ന സ്ഥാപനത്തെയാണ് പ്രവൃത്തി ഏൽപിച്ചത്. പദ്ധതി പൂർത്തിയാക്കി 10 സ്കൂളുകളിൽ ഷീപാഡും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്.പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(1) തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ് -സ.ഉ (കൈ) 11/2018/ത.സ്വ.ഭ.വ, തീയ്യതി 29.01.2018 – ഗ്രാമ- ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ- ഖ. 6.3(7) പ്രകാരം യു.പി. ഹൈസ്കൂൾ, ഹയർസെക്കൻറി സ്കൂളുകളിലെ പെൺകുട്ടികൾക്ക് നാപ്കിൻ വെൻഡിങ്ങ് യൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രൊജക്ടുകൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്കു മാത്രമേ നിർവഹിക്കാൻ പാടുള്ളൂ.എന്നാൽ മാർഗ്ഗ രേഖയ്ക്കു വിരുദ്ധമായാണ് പാനൂർ ബ്ലോക്ക് പഞ്ചായത്ത് മേൽ പ്രൊജക്ട് തയ്യാറാക്കിയത്. ഇക്കാര്യത്തിൽ വേണ്ടത്ര ജാഗ്രത പുലർത്തിയില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

(2) കേരളാ പഞ്ചായത്ത് രാജ് നിയമം -1994 – IV – പട്ടിക – (Functions Of Block Panchayats) -VIII – ഉപഖണ്ഡിക പ്രകാരം സ്കൂളുകൾ ഒന്നും തന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്നവയല്ല എന്നിരിക്കെ സ്കൂളുകളിൽ ബ്ലോക്ക് പഞ്ചായത്തിന് ഇത്തരം പദ്ധതികൾ നിർവ്വഹിക്കുവാൻ കഴിയുകയില്ല. ഈ സാഹചര്യത്തിൽ പദ്ധതി പണം അധികാരപരിധിയിൽ വരാത്ത സ്ഥാപനങ്ങളിൽ ചെലവഴിച്ചത് പദ്ധതി പണത്തിന്റെ ദുരുപയോഗമായി കണക്കാക്കാവുന്നതാണ്.

(3) കേരളാ പഞ്ചായത്ത് രാജ് നിയമം 1994 – പട്ടിക – III പ്രകാരം പ്രാഥമിക–വിദ്യാലയങ്ങളുടെ ചുമതല ഗ്രാമ പഞ്ചായത്തുകൾക്കും, പട്ടിക V പ്രകാരം ഹൈസ്കൂൾ - ഹയർസെക്കന്ററി സ്കൂളുകളുടെ ചുമതല ജില്ലാ പഞ്ചായത്തുകൾക്കും

ആണെന്നിരിക്കെ, ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാര പരിധിയിലില്ലാത്ത സ്ഥാപനങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ പ്രൊജക്ടുകളുടെ ഇരട്ടിപ്പ് സംഭവിച്ചിട്ടില്ല എന്നുറപ്പാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 21/3/2022 ന് നടത്തിയ സ്ഥല പരിശോധനയിൽ ചുണ്ടങ്ങാപൊയിൽ ഗവ.ഹയർ സെക്കൻണ്ടറി സ്കൂൾ, കതിരൂർ ഗവ.ഹയർ സെക്കൻണ്ടറി സ്കൂൾ എന്നിവിടങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച ഷീ പാഡും ജില്ലാ പഞ്ചായത്ത് അനുവദിച്ച ഷീ പാഡും ഒരേസമയം സ്ഥാപിച്ചതായി കണ്ടെത്തിയിട്ടുണ്ട്.
മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 38/23.03.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.
ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരപരിധിയിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളിൽ നടത്തിയ പദ്ധതി വിഹിതം ഇനത്തിലെ ചെലവ് തുക ₹465000 ഒഡിറ്റിൽ തടസപ്പെടുത്തുന്നു.

1-25 കരാർ കാലാവധിക്കകം പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ തുടർ നടപടി സ്വീകരിച്ചില്ല

പ്രളയക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി സർക്കാരിന്റെ 2019-20 വർഷത്തെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക ചെലവഴിക്കാനായി പാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായിട്ട്, താഴെ കാണിച്ച പ്രവൃത്തികൾക്കു വേണ്ടി സർക്കാരിൽ നിന്നും സർക്കാർ ഉത്തരവ് സാധാ.595/2019/ഡി.എം.സി. ഉത്തരവ് പ്രകാരം ഭരണാനുമതിയും കണ്ണൂർ ജില്ലാ കളക്ടറിൽ നിന്നും റഫ. നം. DCKNR/10896/2019 DM2 പ്രകാരം നിർവ്വഹണാനുമതിയും ലഭിച്ചിരുന്നു. ആയതിന്റെ ചെലവ് 2020-21 വർഷത്തിലാണ് നടത്തിയിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു .

ക്രമനംപർ	പ്രവൃത്തിയുടെ പേര്	എസ്റ്റിമേറ്റ് തുക	കളക്ടറുടെ നിർവ്വഹണാനുമതി ഉത്തരവ്
1	മാക്കൽപീടിക കക്കുവിയുള്ള പറമ്പത്ത് റോഡ് പ്രവൃത്തി	10ലക്ഷം	30.08.2019-ലെ ഉത്തരവ് നം. DCKNR/2363/2019
2	വേണ്ടേറ് കുനിയിൽ തേരോത്ത് റോഡ്	7 ലക്ഷം	DCKNR 1374/2019 തീയതി 6.1.2021 ഉത്തരവ്
3	പാറമ്മൽ പള്ളി കരടംകണ്ടിമുക്ക് റോവേണ്ടേർ കുനിയിൽ തേരോത്ത് റോഡ്	7 ലക്ഷം	DCKNR/1039/2019 Dated 3.2.2019
4	കീരാൽ കൂലോത്ത് കരിങ്കാട്ട്കുളം റോഡ്	6 ലക്ഷം	4.11.2019-ലെ റഫ നം. DCKNR/10896/19
5	കൂടക്കൽ മടപ്പുര ലക്ഷം വീട് ചൊയ്യാടം റോഡ്	7 ലക്ഷം	Dcknr/1038/2019 തീയതി 5.2.19
6	താഴേ ചെമ്പാട് മൊകേരി വയൽ റോഡ്	10ലക്ഷം	DCKNR/1346/2019/DM2 DT 11.2.2019

പ്രവൃത്തിയുടെ നിർവഹണാനുമതി അനുവദിച്ചുകൊണ്ടുള്ള കണ്ണൂർ ജില്ലാ കളക്ടറുടെ ഉത്തരവിൽ നിർവഹണാനുമതി ലഭിച്ച് 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണെന്നും ആയതിനു സാധിച്ചില്ലെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ കൈകൊള്ളേണ്ടതും അർഹമായ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതും സർക്കാർ ഉത്തരവ് പ്രകാരമുള്ള

പിഴ ഈടാക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.മേൽ പ്രവൃത്തികളിൽ മാക്കുൽപീടിക കക്കുവിയുള്ള പറമ്പത്ത് റോഡ് പ്രവൃത്തി മാത്രമാണ് കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത്.

ബാക്കിയുള്ള പ്രവൃത്തികൾ കാലാവധിക്കകം പൂർത്തീകരിച്ചിട്ടില്ല. കരാർ കാലയളവ് ദീർഘിപ്പിക്കാനായി കരാറുകാരന്റെ അപേക്ഷ, സപ്ലി.കരാർ,എഞ്ചിനീയരുടെ ശുപാർശ,ഭരണസമിതി അംഗീകാരം എന്നിവ ഫയലിൽ ലഭ്യമല്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം.	പ്രവൃത്തിയുടെ പേര്	എസ്റ്റിമേറ്റ് തുക	കരാറുകാരന്റെ പേര്	കരാർ	പി എ സി തുക	കരാർ പ്രകാരമുള്ള കാലാവധി	പ്രവൃത്തി പൂർത്തീകരിച്ച തീയതി	ബിൽ നംപരും തുകയും
1	വേണ്ടേർ കുനിയിൽ തേരോത്ത് റോഡ്	7ലക്ഷം	അബ്ദുൾ മുഖ്ദം ടി ടി	No.4/19-20 11/6/2019	667760.77	22/8/2019	9/12/2019	5700972984 Dtd 21-1-2021 662878
2	പാറമ്മൽ പള്ളി കരടംകണ്ടി മുക്ക് റോഡ്	6ലക്ഷം	വിജയൻ എ	5/19-20 11/6/2019	561276.75	3/8/2019	25/11/2019 M Book Page 18	5700535400 Dtd 18/9/2020 തുക 558659
3	കീരന് കുലോത്ത് കരിങ്കാട്ട് കുളം റോഡ്	6ലക്ഷം	സജീവ്.പി.പി	17/19-20 7/2/2020	535103	കരാറിൽ പൂർത്തീകരണ കാലാവധി വ്യക്തമാക്കിയിട്ടില്ല. അനുവദിക്കാനുന് കാലയളവ് 4/5/2020	31/12/2020 M Book Page 21	57004 01398 തുക 567926
4	കൂടക്കൽ മടപ്പുര ലക്ഷം വീട് ചൊയ്യാടം റോഡ്	7ലക്ഷം	സജീവ്.പി.പി	3/19-20 Dtd 30/5/2019	679244.81	5/8/2019	26/12/2019 M Book Page 36	5700477348 Dtd 26/8/2020 676038
5	താഴേ ചെമ്പാട് മൊകേരി	10ലക്ഷം	സജീവ്.പി.പി	2/19-20 30/5/2019	940000	11/8/2019	19/3/2020 M Book Page 46	5700596624 Dtd 936430

	വയൽ റോഡ്							

പ്രളയക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി ദുരന്ത നിവാരണനിധിയിൽ നിന്നും അനുവദിച്ച ഫണ്ട് ഉപയോഗിച്ച് എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ അകാരണമായി ദീർഘിപ്പിച്ചത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കാത്തത് ശരിയായ നടപടിയല്ല.

കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്തതിനു നിയമ പ്രകാരമുള്ള നടപടികൾ പാലിക്കുകയോ പിഴ ഈടാക്കുകയോ ചെയ്യാത്തതിനു വിശദീകരണം നല്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12 തീയതി 16/3/2022 ന് ലഭ്യമാക്കിയ മറുപടിയിൽ വകുപ്പിന്റെ 27/3/2018 ലെ സ.ഉ.(കൈ)3/2018 ഡി.എം.ഡി ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകി ഉത്തരവ് ഇറക്കിയ തീയതി മുതൽ ഒരു വർഷവും 6 മാസവും ആയി പുതുക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് മേൽ കരാറിൽ ഏർപ്പെടുന്നതിനു മുൻപ് പുറപ്പെടുവിച്ച ഉത്തരവാണ് എന്നിരിക്കെ കരാറിൽ ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരമുള്ള തീയതി പൂർത്തീകരണ തീയതിയായി രേഖപ്പെടുത്തിയതും പ്രസ്തുത കരാറിനു വിരുദ്ധമായി പ്രവൃത്തി പൂർത്തീകരിക്കാനുണ്ടായ സാഹചര്യവും വ്യക്തമാക്കേണ്ടതാണ്. മറുപടിയിൽ സൂചിപ്പിച്ച ദുരന്തനിവാരണ വകുപ്പിന്റെ സർക്കുലർ നം.DMA3/153/2020-DMD തീയതി 22/5/2020 ൽ കരാറിൽ ഏർപ്പെടുന്നതിൽ വൈകുന്ന സാഹചര്യത്തിൽ കളക്ടർക്ക് തീരുമാനം എടുക്കാനുള്ള അധികാരം സംബന്ധിച്ച പരാമർശമാണ് ഉൾപ്പെട്ടിരിക്കുന്നത്. പൂർത്തീകരണ കാലാവധി തീയതി കൂടി ഉൾപ്പെടുത്തി കരാറിൽ ഏർപ്പെട്ട പ്രവൃത്തികൾ കരാറിലെ കാലാവധിക്കകം പൂർത്തീകരിക്കുകയോ ആയതിന്റെ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്യാത്തത് ശരിയായ നടപടിയല്ല. ഇത് കരാറിന്റെ പ്രസക്തി തന്നെ ഇല്ലാതാക്കുന്നു.

1-26 ലൈഫ് ഭവനപദ്ധതി-കൈപ്പറ്റും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി,പാനൂർ ബ്ലോക്ക് പഞ്ചായത്ത്
പ്രോജക്ടിന്റെ നമ്പരും പേരും	6/21 ലൈഫ് ഭവനനിർമ്മാണം
അടങ്കൽ	₹3732400 വികസനഫണ്ട്
ചെലവ്	₹2661218

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിലെ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനും ഭവനനിർമ്മാണത്തിനും ബ്ലോക്ക് വിഹിതം നൽകുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. ഇത് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ഭവനനിർമ്മാണത്തിനായി വിഹിതം കൈമാറിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

ക്രമനമ്പർ	ഗ്രാമപഞ്ചായത്തിന്റെ പേര്	കൈമാറിയ തുക	കൈമാറിയ /ബിൽതീയ്യതി
1	മൊകേരി	320000	24.02.21
2	മൊകേരി	280000	26.03.21
3	ചൊക്ലി	745000	29.03.21
4	ചൊക്ലി	1316218	30.03.21

മേൽ തുക(ആകെ₹2661218) വിവിധ പഞ്ചായത്തുകൾക്ക് കൈമാറിയതിന്റെ വിശദരേഖയും ഗ്രാമപഞ്ചായ്ത്തുകളിൽ നിന്നും കൈമാറിയ തുകയ്ക്കുള്ള കൈപ്പറ്റ് രശീതിയും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (നമ്പർ 29/21.03.22) നൽകിയതിന്റെ ഫലമായി മൊകേരി ഗ്രാമപഞ്ചായത്തിൽ നിന്നുമുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയുണ്ടായി. ചൊക്ളി ഗ്രാമപഞ്ചായത്തിനുനൽകിയ ₹2061218ന്റെ കൈപ്പറ്റും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

1-27 പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു

ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. 2012 ലെ കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401. 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യൂ.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രൊക്വയർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. തൻ വർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലിലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഈ വിഷയത്തിൽ യാതൊരു താത്പ്പര്യവും കാണിക്കുന്നില്ല. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന ആവശ്യമാണെന്ന് കമ്മിറ്റിയെ ധരിപ്പിക്കേണ്ടതും ഈ വിഷയത്തിന്മേൽ ഭരണസമിതി തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

1-28 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കേണ്ടതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

28/9/2013 ലെ GO(MS)No.318/2013 /LSGDപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഞ്ച് ലക്ഷം രൂപയോ അതിന് മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കേണ്ടതുണ്ട്. ആയതു പ്രകാരം പാനൂർ ബ്ലോക്ക് പഞ്ചായത്ത് നടത്തിയ ഇ-ടെണ്ടർ പ്രവൃത്തികൾ സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ട തുകകൾ പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടുണ്ടോ എന്ന് ആവശ്യപ്പെട്ടുകൊണ്ട് 22/3/2022 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 33ന് മറുപടിയായി 2014മുതൽ 2019 വരെ ടെണ്ടർ ഫോറം വില+ ജി എസ് ടി ഇനത്തിൽ 328841രൂപ ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയരുടെ ഇ-ടെണ്ടർ ഫീ അക്കൗണ്ടിൽ വരവ് വന്നതായി കാണുന്നുണ്ട് എന്നും ആയത് ബ്ലോക്ക് പഞ്ചായത്തിൽ വരവായി ലഭിക്കുവാനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായും, 2020മുതൽ നാളിതുവരേയും ബ്ലോക്ക് പഞ്ചായത്തിലെ അസി.എക്സി.എഞ്ചിനീയരുടെ അക്കൗണ്ട് തന്നേയാണ് മേൽ ആവശ്യത്തിനു ഉപയോഗിച്ചു വരുന്നതെന്നും നാളിതുവരേയും ടെണ്ടർ ഫോറം വില+ ജി എസ് ടി ഇനത്തിൽ 185880/-രൂപ ലഭ്യമായിട്ടുണ്ട് എന്നും തുക വേർതിരിച്ചു മേൽ തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിനു ലഭിക്കുവാനുള്ള തുക എത്രയും വേഗം ലഭ്യമാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ റോഡ് വികസന പ്രവൃത്തികൾ നടത്തുന്നത് ശരിയായ നടപടിയല്ല

പാനൂർ ബ്ലോക്ക് പഞ്ചായത്ത്, 2019-20,2020-21 വർഷങ്ങളിൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് റോഡ് വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് - 29-3 -2017 ലെ ജി.ഒ (എം.എസ്) 72/2017/എൽ. എസ് .ജി .ഡി ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10 (1) പ്രകാരം റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി, ആയതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത്. ബ്ലോക്ക് പഞ്ചായത്ത് തൻ വർഷം പൊതുമരാമത്ത് മേഖലയിൽ നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള 21 പദ്ധതികളിൽ 11 എണ്ണവും റോഡ് പ്രവർത്തികളാണ്. സമഗ്രമായ പദ്ധതികൾ തയ്യാറാക്കാതെ ചെറിയ ചെയിനേജിലുള്ള ധാരാളം പ്രവൃത്തികൾ നടപ്പിലാക്കുന്നത് മൂലം ഫണ്ട് വിനിയോഗം ഫലപ്രദമാകുന്നില്ല.

ഇത്തരത്തിൽ കണക്ടിവിറ്റി മാപ്പില്ലാതെയും ചെയിനേജ് വ്യക്തമാക്കാതെയും പദ്ധതി നടപ്പാക്കുന്നത് പ്രവർത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും ഇരട്ടിപ്പ് ഉണ്ടാകുന്നതിനും പാഴ് ചെലവിനും സാഹചര്യം ഉണ്ടാക്കുന്നു. കൃത്യമായ കണക്ടിവിറ്റി ഉറപ്പ് വരുത്തി സമഗ്രപദ്ധതികൾ തയ്യാറാക്കാതെ ചെറിയ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/22.3.22) റോഡ് കണക്ടിവിറ്റി

മാപ്പ് തയ്യാറാക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

1-30 സ്ഥാപനതാത്പര്യങ്ങൾക്ക് എതിരായി കരാർ ചമച്ചതിനാൽ വാഹനം ഓടിയതിന്റെ ഇരട്ടി തുക വാടക ഇനത്തിൽ ചെലവഴിച്ചതും ആദായനികുതി ഈടാക്കി ഒടുക്കു വരുത്താത്തതും

നിർവ്വഹണോദ്യോഗസ്ഥൻ	എ.ഇ.ഇ(പാനൂർ ബ്ലോക്ക് പഞ്ചായത്ത്)
പ്രോജക്ട് നം/പേര്	73/021 അസി.എക്സി.എഞ്ചിനീയരുടെ ഓഫീസിലേയ്ക്ക് വാടകയ്ക്ക് വാഹനം
എസ്റ്റിമേറ്റ് തുക	₹330000
ഫണ്ട് വിവരം	തനത് ഫണ്ട്
കരാർ തുക	₹30000 For 2000km
കരാറുകാരൻ	സഹിഷ്ണു.കെ
ചെലവ് തുക ബിൽ നമ്പർ	300000/-
കരാർ നമ്പർ	AEE/LSGD/PNR/15/2019-20 Dtd 27/2/20

അസി.എക്സി.എഞ്ചിനീയരുടെ ഓഫീസിലേയ്ക്ക് വാടകയ്ക്ക് വാഹനം എന്ന പ്രൊജക്ടിനു വേണ്ടി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.അസീസ് കുനിയിൽ എന്നവരുടെ KL 18 R 9712 നംപർ വാഹനത്തിന്റെ പ്രതിമാസം 2000 Km ന് 28750 രൂപ എന്ന ക്വട്ടേഷൻ അംഗീകരിക്കുകയും 4/11/2019ന് ഒരു വർഷത്തേക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ പിന്നീട് ശ്രീ.അസീസ് കുനിയിൽ എന്നവരുടെ ആവശ്യപ്രകാരം കരാർ റദ്ദു ചെയ്യുകയും വീണ്ടും ക്വട്ടേഷൻ ക്ഷണിച്ച് ശ്രീ. സഹിഷ്ണു എന്നവരുടെ ടയോട്ട എത്യോസ് KL-22-L2589 നമ്പർ കാറിന്റെ 2000 Km ന് ₹30000 എന്ന ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ലോഗ് ബുക്ക് പ്രകാരം 5/11/2019മുതൽ ടിയാളുടെ വാഹനം ഉപയോഗിച്ചു വരുന്നുണ്ട്. ആയത് പ്രകാരം 2020-21 വർഷത്തിൽപ്രതിമാസം വാഹനം ഓടിയതിന്റെ കണക്ക് താഴെ പറയും വിധമാണ്.

മാസം	വാഹനം ഓടിയ ദൂരം
4/20	893 Km
5/20	1153 Km
6/20	1088 Km
7/20	868km
8/20	898km
9/20	869km
10/20	1014km
11/20	1118 Km
12/20	1500 Km
1/21	1215 Nkm
2/21	1171 Km

3/21	1408km

എന്നാൽ പ്രതിമാസം 2000 Km വാഹനം ഓടിയതായി കണക്കാക്കിയാണ് തുക അനുവദിച്ചിരിക്കുന്നത്. പദ്ധതിയ്ക്കുവേണ്ടി ചമച്ച കരാർ പ്രകാരം 2000കി.മീ വരെ ദൂരത്തിന് 30000രൂപ എന്ന് നിശ്ചയിച്ചത് കൊണ്ടാണ് ഇങ്ങനെ അധികതുക അനുവദിക്കേണ്ടി വരുന്നത്.

ഒരു കിലോമീററിന് നിരക്ക് അനുവദിക്കുന്നതിനു പകരം 2000കി.മീ വരെ ദൂരത്തിന് 30000രൂപ എന്ന് ടെണ്ടർ നോട്ടീസിലും കരാറിലും നിശ്ചയിച്ചത് കൊണ്ട് സ്ഥാപനത്തിന് വാടക ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.പ്രതിമാസം ആകെ 1500 കി.മി ൽ കുറവ് ദൂരം മാത്രം വാഹനം ഓടിയിരിക്കെ 2000കി.മീ ദൂരത്തിന് നല്കാവുന്ന തുകയാണ് പ്രതിമാസം നൽകിയിരിക്കുന്നത്.ഇത് അംഗീകരിക്കാവുന്നതല്ല.

സ്ഥാപനത്തിന്റെ താത്പര്യത്തിനു പ്രതിലോമകരമായ രീതിയിൽ കരാറിൽ ഏർപ്പെട്ടത് ശരിയായ നടപടിയല്ല.ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്. ഭാവിയിൽ സ്ഥാപനത്തിന്റെ താത്പര്യത്തിനു അനുകൂലമായ രീതിയിൽ കരാർ ചമയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ഇൻകം ടാക്സ് ആക്ട് സെക്ഷൻ 196 സി. പ്രകാരം വെഹിക്കിൾ ഹയർ ചാർജ്ജസ് 1 ലക്ഷം രൂപയിൽ കവിയുന്ന സംഗതികളിൽ പാൻകാർഡ് ഉള്ള കരാറുകാരനിൽ നിന്നും 1 ശതമാനം നിരക്കിൽ ആദായനികുതി ഈടാക്കേണ്ടതുണ്ട്. 3 ലക്ഷം രൂപ ഹയർ ചാർജ്ജിനത്തിൽ അനുവദിച്ചതിനാൽ ആയതിന്റെ 1 ശതമാനം വരുന്ന തുക 3000/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതും ആദായനികുതി ഇനത്തിൽ ഒടുക്കേണ്ടതുമാണ്.

1-31 ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ വയോജന പാർക്ക്,വയോജനങ്ങൾക്ക് ഉപയോഗ പ്രദമാകുന്ന വിധം വിനിയോഗിക്കേണ്ടതാണ്

നിർവ്വഹണോദ്യോഗസ്ഥൻ	എ.ഇ.ഇ (പാനൂർ ബ്ലോക്ക് പഞ്ചായത്ത്)
പ്രോജക്ട് നം/പേര്	78/2020(സ്പിൽ ഓവർ പദ്ധതി) വയോജനങ്ങൾക്ക് പാർക്ക് നിർമാണം
എസ്ററിമേറ്റ് തുക	₹550000
ഫണ്ട് വിവരം	വികസനഫണ്ട്- ആകെ 550000
കരാർ തുക	₹491025.94
കരാറുകാരൻ	അജിത്ത്.ടി.എം
ബിൽ നമ്പർ/ /ചെലവ് തുക	400877990 തീയതി 30/12/2020 തുക 510047
എം ബുക്ക് നമ്പർ	25/2019 1/20-21 15/20-21
കരാർ നമ്പർ	AEE/LSGD/PNR/19/2019-20 Dtd 9/3/2020

പാനൂർ ബ്ലോക്ക് പഞ്ചായത്തിലെ വയോജനങ്ങളുടെ മാനസിക-ശാരീരിക ഉല്ലാസങ്ങൾ പരിപോഷിപ്പിക്കുന്നതിനു വേണ്ടി ലക്ഷ്യമാക്കിയ പ്രൊജക്ടാണിത്. പാനൂർ ബ്ലോക്ക് പഞ്ചായത്ത് വയോജനങ്ങൾക്കുവേണ്ടി 2019-20 വർഷത്തിൽ നിർമ്മാണം ആരംഭിച്ച വയോജനങ്ങൾക്ക് പാർക്കും, 2020-21 വർഷത്തിൽ വയോജനങ്ങൾക്ക് കതിരൂർ ഗ്രാമ പഞ്ചായത്തിലെ കുണ്ടുചിറ എന്ന സ്ഥലത്ത് വയോജനവിശ്രമ കേന്ദ്രവും(കെട്ടിട നിർമ്മാണം എസ്ററിമേറ്റ് തുക 2500000) നിർമ്മിച്ചിട്ടുണ്ട്. വയോജന വിശ്രമ കേന്ദ്രത്തിന്റെ പ്രവൃത്തി പൂർത്തിയാക്കി അവസാനബിൽ നല്കിയിരിക്കുന്നത് 2021-22 വർഷത്തിലാണ്.

പാനൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലാണ് 510047രൂപ ചെലവഴിച്ച് വയോജന പാർക്ക് നിർമ്മിച്ചിരിക്കുന്നത്. 2020-21 വർഷത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ച പ്രസ്തുത പാർക്ക് പരിസരത്ത് നിലവിൽ വൃക്ഷത്തൈകൾ മുളപ്പിച്ചെടുക്കുക തുടങ്ങിയ സസ്യപരിപാലന പ്രവൃത്തികളാണ് നടത്തി വരുന്നത് . വയോജന പാർക്കിന്റെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച ചിത്രങ്ങൾ ചുവടെ കൊടുക്കുന്നു.

ഫോട്ടോ 1 – പാർക്കിനുൾവശം വൃക്ഷത്തൈകൾ മുളപ്പിച്ചെടുക്കുക തുടങ്ങിയ സസ്യപരിപാലനം നടത്തുന്നത്

ഫോട്ടോ 2.പാർക്കിലെ ഇരിപ്പിടം മറക്കുകയും തറ വൃത്തിഹീനമാക്കിയ നിലയിലും

പ്രസ്തുത സ്ഥലത്തെ നിർമ്മാണ പ്രവൃത്തികൾ (പാർക്ക്) പാനൂർ ബ്ലോക്ക് പഞ്ചായത്തിലെ വയോജനങ്ങൾക്ക് ഏതെങ്കിലും വിധത്തിൽ സഹായകരമാണോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല.വികസന ഫണ്ട്, വൃദ്ധജനങ്ങളുടെ പേരിൽ പഞ്ചായത്ത് കോമ്പൗണ്ടിന്റെ സൗന്ദര്യവത്കരണത്തിനു വേണ്ടി നിർമാണ പ്രവൃത്തികൾക്ക് വിനിയോഗിച്ചതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഇത് പദ്ധതി പണത്തിന്റെ ദുർവ്യയമായി കണക്കാക്കാവുന്നതാണ്. പതിമൂന്നാം പഞ്ചവത്സര മാർഗരേഖ പ്രകാരം വയോജനങ്ങൾക്ക് പകൽ വീട്, വൃദ്ധമന്ദിരങ്ങൾ എന്നിവയാണ് നിർമിച്ചു നൽകാവുന്നത്.വയോജനങ്ങൾക്ക് മാത്രമായി ഒരു പാർക്ക് എന്നത് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടാത്ത വിഷയമായിരിക്കേ മേൽ നിർമ്മാണ പ്രവൃത്തി നടത്താനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽ സ്ഥലത്ത് നടത്തുന്ന മറ്റ് പ്രവൃത്തികൾ നിർത്തലാക്കുകയും വൃദ്ധജനങ്ങൾക്ക് ഉപയോഗ പ്രദമാകുന്ന വിധം പ്രസ്തുത സ്ഥലം വിനിയോഗിക്കുകയും പദ്ധതി പണം പാഴായിപോകുന്ന സ്ഥിതിവിശേഷം ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.ഇക്കാര്യത്തിൽ ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ തീയതി
2020-21	23/3/2022	നം. കെ.എസ്.എ./കെ.എൻ.ആർ. /സി.9/457/2022 തീയതി: 25.05.2022

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ	തുക	ചെലവഴിച്ച തുക	പൂർത്തീകരിച്ച വിവരം	ചെലവഴിക്കുവാൻ ബാക്കിയുള്ള തുക
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	കതിരൂർ ജലസേചന പദ്ധതി ഇലക്ട്രിഫിക്കേഷൻ	4/11-4-2020	69461	69461	പൂർത്തീകരിച്ചു.	ഇല്ല
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	മൊകേരി ആർ ആർ എഫിൽ സോളാർ പാന ൽ സ്ഥാപിക്കൽ	5/11-4-2020	1400000	1400000	വിനിയോഗ വിവരം ലഭ്യമല്ല	1400000
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	കതിരൂർ അംബേദ്കർ കോളനി കുടിവെള്ള പദ്ധതി	79/28-10-2020	18923	18923	പൂർത്തീകരിച്ചു.	ഇല്ല

	ഇലക്ട്രിഫിക്കേഷൻ					

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഒന്നുമില്ല

4-6 സ്ഥിരനിക്ഷേപം

ഒന്നുമില്ല

4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഒന്നുമില്ല

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	41414084
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	45392956
വരവിനങ്ങളിലുള്ള നഷ്ടം	:	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	2670587

(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-9	276000	ഉമ.കെ.എൻ,സി.ഡി.പി.ഒ
1-10	230962	ഡോ.അതുല്യ, മെഡിക്കൽ ഓഫീസർ, (പി എച്ച് സി പന്ന്യന്നൂർ)
1-13	130000	ശ്രീ.റഫീഖ്.എംഎ, കൃഷി അസി. ഡയറക്ടർ
1-14	125000	ശ്രീ.റഫീഖ്.എംഎ, കൃഷി അസി. ഡയറക്ടർ
1-15	149000	ശ്രീ.റഫീഖ്.എംഎ, കൃഷി അസി. ഡയറക്ടർ
1-17	300000	ശ്രീ.റഫീഖ്.എംഎ, കൃഷി അസി. ഡയറക്ടർ

1-19	59625	ശ്രീ.സുഭാഷ്.ടിവി സെക്രട്ടറി,പാനൂർബ്ലോക്ക് പഞ്ചായത്ത്
1-20	1400000	ശ്രീ.സുഭാഷ്.ടിവി സെക്രട്ടറി,പാനൂർബ്ലോക്ക് പഞ്ചായത്ത്
1-24	465000	ശ്രീ.സുഭാഷ്.ടിവി സെക്രട്ടറി,പാനൂർബ്ലോക്ക് പഞ്ചായത്ത്
ആകെ തുക	2670587	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1-30 (2) – 3000/- രൂപ – ആദായനികുതി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. ഉമ.കെ.എൻ, സി.ഡി.പി.ഒ	വിരമിച്ചു	കലാഭവൻ കാവുംഭാഗം കൊളശേരി
ഡോ.അതുല്യ,മെഡിക്കൽ ഓഫീസർ, (പി എച്ച് സി)	മെഡിക്കൽ ഓഫീസർ, (സി എച്ച് സി)	വത്സ കോട്ടേജ് ഈസ്റ്റ് പള്ളൂർ
ശ്രീ.റഫീഖ്.എംഎ, കൃഷി അസി. ഡയറക്ടർ	വിരമിച്ചു	മറ്റമകാമ്പനാൽ ഈരാറ്റുപേട്ട.പി.ഒ ഈരാറ്റുപേട്ട കോട്ടയം
ശ്രീ.സുഭാഷ്.ടിവി സെക്രട്ടറി, പാനൂർബ്ലോക്ക് പഞ്ചായത്ത്	സെക്രട്ടറി, പാനൂർബ്ലോക്ക് പഞ്ചായത്ത്	തട്ടാന്റെ വളപ്പിൽ, പി.ഒ.ഇരിവേരി

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2013-14, 2014-15	കെഎസ്എ/കെഎൻആർ/സി.9/724/2019 തീ.10.06.2019	1

2015-16	കെഎസ്എ/കെഎൻആർ/സി.9/724/2019 തീ.10.06.2019	1
2017-18	കെഎസ്എ/കെഎൻആർ/സി.9/1911/2019 തീ.10.12.2018	5
2018-19	കെഎസ്എ/കെഎൻആർ/സി.9/798/2020 തീ.10.11.2020	5
2019-20	കെ.എസ്.എ./കെ.എൻ.ആർ. /സി.9/456/2022 തീയതി: 20.05.2022	13

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 3-1

RECEIPT & PAYMENT STATEMENT

Panoor Block Panchayat
RECEIPT & PAYMENT STATEMENT
For the period from 01-April-2020 to 31-March-2021

Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	6331128.96
Cash	Cash	RP-40(a)	0.0
	Operating		
130000000	Rental income from Panchayat Properties	RP-3	1500.00
140000000	Fees & User Charges	RP-4	62.00
150000000	Sale & Hire Charges	RP-5	27861.00
151000000	Receipts from Transferred Institutions	RP-6	438.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	36342901.00
171000000	Interest Earned	RP-9	31164.00
320000000	Grants, Funds & Contributions for Specific Purposes	RP-31	3445391.00
350000000	Other Liabilities	RP-36	26234.00
	Non Operating		
311000000	Earmarked Funds	RP-29	0.0
340000000	Deposits Received	RP-34	135000.00
350000000	Other Liabilities	RP-36	29461.00
431000000	Sundry Debtors (Receivables)	RP-43	105930.00
460000000	Loans, Advances and Deposits	RP-47	1268142.00
	Grand total		47745212.96
	PAYMENTS		
	Operating		
210000000	Establishment Expenses	RP-11	1415549.00
220000000	Administrative Expenses	RP-12	1075672.00
230000000	Operations & Maintenance	RP-13	477646.00
250000000	Decentralised Plan Programme- Productive Sector	RP-15	5690281.00
251000000	Decentralised Plan Programme- Service Sector	RP-16	8132015.00
252000000	Decentralised Plan Programme- Infrastructure Sector	RP-17	1846408.00
253000000	Decentralised Plan Programme- Projects not included in Sector Division	RP-18	27022.00
254000000	Expenditures of Transferred institutions and State Sponsored Schemes	RP-19	25000.00
255000000	Maintenance Projects	RP-20	7510476.00
260000000	Grants, Contributions and Compensations from Own Fund	RP-22	1000000.00
320000000	Grants, Funds & Contributions for Specific Purposes	RP-31	113800.00

350000000	Other Liabilities	RP-36	1731084.00
	Non Operating		
240000000	Interest & Finance Charges	RP-14	268.00
340000000	Deposits Received	RP-34	41830.00
350000000	Other Liabilities	RP-36	140224.00
410000000	Fixed Assets	RP-38	5299597.00
411000000	Accumulated Depreciation	RP-39	0.0
412000000	Capital work in Progress	RP-40	4626733.00
431000000	Sundry Debtors (Receivables)	RP-43	5602293.00
460000000	Loans, Advances and Deposits	RP-47	637058.00
	Closing Balance		
Bank	Bank	RP-40(b)	2352256.96
Cash	Cash	RP-40(b)	0.0
	Grand Total		47745212.96

അനുബന്ധം 3-2

INCOME & EXPENDITURE STATEMENT

Panoor Block Panchayat INCOME & EXPENDITURE STATEMENT			
For the period from 01-April-2020 to 31-March-2021			
Code.No	Description of Items	Schedule No	Amount
	INCOME		
130000000	Rental Income from Panchayat / Municipal Properties	I-3	107430.00
140000000	Fee & User Charges	I-4(b)	62.00
150000000	Sale & Hire Charges	I-5(b)	27861.00
151000000	Receipts from Transferred Institutions	I-5(a)	438.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	30674190.00
171000000	Interest Earned	I-8	31164.00
	Total Income		30841145.00
	EXPENDITURE		
210000000	Establishment Expenses	I-10(b)	1529349.00
220000000	Administrative Expenses	I-11(b)	1075672.00
230000000	Operations & Maintenance	I-12(b)	532280.00
240000000	Interest & Finance Charges	I-13	268.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	5792231.00
251000000	Decentralised Plan Programme-Service Sector	I-14(a)	8296014.00
252000000	Decentralised Plan Programme-Infrastructure Sector	I-14(b)	4361567.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(c)	27022.00

254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(d)	25000.00
255000000	Maintenance Projects	I-14(e)	7510476.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	1000000.00
272000000	Depreciation	I-17(a)	2157953.00
	Total Expenditure		32307832.00
	Gross Surplus/ Deficit of income over Expenditure		-1466687.00
	Gross Surplus/ Deficit of income over Expenditure		-1466687.00
290000000	Transfer to Reserve Funds	I-18(a)	0.0

അനുബന്ധം 3-3

BALANCE SHEET

Panoor Block Panchayat BALANCE SHEET			
For the period from 01-April-2020 to 31-March-2021			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	12337591.00
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	0.0
312000000	Reserves	B-3	31731260.00
	Total Reserve & Surplus		44068851.00
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	600792.96
	Total Grants, Contributions for Specific Purposes		600792.96
	Loans		
330000000	Secured Loans	B-5	0.0
	Total Loans		0.0
	Current Liabilities & Provisions		
340000000	Deposits Received	B-7	334078.00
350000000	Other Liabilities	B-9	48276.00
	Total Current Liabilities and Provisions		382354.00
	TOTAL LIABILITIES		45051997.96
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	46360380.00
411000000	Accumulated Depreciation	B-11	-9533309.00
412000000	Capital Work in Progress	B-11(a)	0.0
	Total Fixed Assets		36827071.00
	Investments		
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	5602293.00

450000000	Cash and Bank Balance	B-17	2352256.96
460000000	Loans, Advances and Deposits	B-18	270377.00
	Total Current Assets, Loans and Advances		8224926.96
	Other Assets		
Miscellaneous Expenditure (To the Extent not written off)			
TOTAL ASSETS	45051997.96		

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.